# അനുബന്ധം

## ഫ്രെഡറിക്ക് എംഗൽസ്

# കമ്മ്യൂണിസത്തിന്റെ തത്വങ്ങൾ

ചോദ്യം 1: കമ്മ്യൂണിസമെന്നാൽ എന്താണ്?

ഉത്തരം: തൊഴിലാളിവർഗ്ഗവിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണ് കമ്മ്യൂണിസം.

ചോദ്യം 2: തൊഴിലാളിവർഗ്ഗമെന്നാൽ എന്താണ്?

ഉത്തരം: സമൂഹത്തിലെ ഏതു വർഗ്ഗമാണോ ഏതെങ്കിലും മൂലധനത്തിൽനിന്ന് കിട്ടുന്ന ലാഭംകൊണ്ടല്ലാതെ പൂർണ്ണമായും സ്വന്തം അദ്ധ്വാനം വിൽക്കുന്നതുവഴി മാത്രം ഉപജീവനമാർഗ്ഗം സമ്പാദിക്കുന്നത്, അതാണ് തൊഴിലാളിവർഗ്ഗം. അതിന്റെ സുഖവും ദുഃഖവും, ജീവിതവും മരണവും, അതിന്റെ നിലനില്പാകെത്തന്നെ ആശ്രയിച്ചിരിക്കുന്നത് അദ്ധ്വാനത്തിനുള്ള ആവശ്യകതയെയാണ്, അതായത് ബിസിനസ്സിന്റെ നല്ല കാലവും ചീത്തക്കാലവും മാറിമാറി വരുന്നതിനെയും അനിയന്ത്രിതമായ മത്സരത്തിൽനിന്നുളവാകുന്ന ഏറ്റക്കുറച്ചിലുകളെയുമാണ്. പ്രോലെറേറിയററ്, അഥവാ പ്രോലെറേറിയന്മാരുടെ വർഗ്ഗം, ഒററ വാക്കിൽ പറഞ്ഞാൽ, പത്തൊമ്പതാം നൂററാണ്ടിലെ പണിയാളവർഗ്ഗമാണ്.

ചോദ്യം 3: പ്രോലെറേറിയന്മാർ എക്കാലത്തുമുണ്ടായിരുന്നില്ലെന്നല്ലേ ഇതിനർത്ഥം?

ഉത്തരം: അതെ. പാവങ്ങളും പണിയെടുക്കുന്ന വർഗ്ഗങ്ങളും എക്കാലത്തും നിലനിന്നിട്ടുണ്ട്. പണിയെടുക്കുന്ന വർഗ്ഗങ്ങൾ സാധാരണഗതിയിൽ പാവങ്ങളുമായിരുന്നു. എന്നാൽ മത്സരം എക്കാലത്തും സ്വതന്ത്രവും അനിയന്ത്രിതവുമായിരുന്നില്ലെന്നതുപോലെതന്നെ, മുകളിൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ജീവിക്കുന്ന തരത്തിലുള്ള പാവ

ങ്ങൾ, തൊഴിലാളികൾ, അതായത് പ്രോലെറേററിയന്മാർ, എക്കാലത്തും ഉണ്ടായിരുന്നില്ല.

<u>ചോദ്യം 4:</u> പ്രോലെറേററിയററ് (തൊഴിലാളിവർഗ്ഗം) എങ്ങിനെ ആവിർഭവിച്ചു?

<u>ഉത്തരം:</u> കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിൽ നടന്നതും അതിനുശേഷം ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ആവർത്തിച്ചതുമായ വ്യാവസായികവിപ്ലവത്തിന്റെ ഫലമായിട്ടാണ് തൊഴിലാളിവർഗ്ഗം ഉയർന്നുവന്നത്. ആവിയന്ത്രത്തിന്റേയും പലതരം നൂൽനൂല്പുയന്ത്രങ്ങളുടേയും യന്ത്രത്തറിയുടേയും മററനേകം യന്ത്രോപകരണങ്ങളുടേയും കണ്ടുപിടുത്തമാണ് ഈ വ്യാവസായികവിപ്ലവത്തെ നിലവിൽ കൊണ്ടുവന്നത്. വളരെ വിലപിടിച്ചതും അതുകൊണ്ടുതന്നെ വലിയ മുതലാളിമാർക്കു മാത്രം വാങ്ങാൻ കഴിഞ്ഞതുമായ ആ യന്ത്രങ്ങൾ അതേവരെ നിലനിന്നിരുന്ന ഉല്പാദനരീതിയെയാകെ മാററിമറിച്ചു. അതേവരെ ഉണ്ടായിരുന്ന തൊഴിലാളികളെ അവ പുറന്തള്ളി. കാരണം, തൊഴിലാളികൾക്ക് തങ്ങളുടെ മോശപ്പെട്ട ചർക്കകളും കൈത്തറികളുംകൊണ്ടു നിർമ്മിക്കാൻ കഴിഞ്ഞതിനേക്കാൾ വിലകുറഞ്ഞതും മെച്ചപ്പെട്ടതുമായ ചരക്കുകളെ യന്ത്രങ്ങൾ ഉല്പാദിപ്പിച്ചു. അങ്ങിനെ ഈ യന്ത്രങ്ങൾ വ്യവസായത്തെ അപ്പാടെതന്നെ വലിയ മുതലാളിമാരുടെ കൈകളിൽ ഏല്പിച്ചുകൊടുക്കുകയും തൊഴിലാളികളുടെ തുച്ഛമായ സ്വത്തിന് (പണിയായുധങ്ങളും കൈത്തറികളും മററും) വിലയില്ലാതാക്കുകയും ചെയ്തു. താമസിയാതെ സർവ്വതും മുതലാളിമാരുടെ വകയായി. തൊഴിലാളികൾക്ക് യാതൊന്നും ശേഷിച്ചില്ല. ഇങ്ങനെയാണ് തുണിയുല്പാദനരംഗത്ത് ഫാക്ടറിസമ്പ്രദായം ഏർപ്പെടുത്തിയത്. യന്ത്രോപകരണങ്ങളും ഫാക്ടറിസമ്പ്രദായവും ഏർപ്പെടുത്തുന്നതിന് ഒരിക്കൽ ഉത്തേജനം കിട്ടിയതോടെ ഫാക്ടറിസമ്പ്രദായം അതിവേഗം മറെറല്ലാ വ്യവസായശാഖകളേയും കടന്നാക്രമിച്ചു—വിശേഷിച്ച് തുണി, പുസ്തകമുദ്രണം, കളിമൺപാത്രങ്ങളുടേയും ലോഹപദാർത്ഥങ്ങളുടേയും നിർമ്മാണം, എന്നീ വ്യവസായങ്ങളെ. അദ്ധ്വാനം നിരവധി തൊഴിലാളികൾക്കിടയിലായി കൂടുതൽകൂടുതൽ വിഭജിക്കപ്പെട്ടു. മുമ്പ് മുഴുവൻ ഉല്പന്നവും നിർമ്മിച്ചിരുന്ന തൊഴിലാളി ഇപ്പോൾ അതിന്റെ ഒരു ഭാഗം മാത്രമേ നിർമ്മിച്ചുള്ളു. ഈ പ്രവൃത്തിവിഭജനത്തിന്റെ ഫലമായി ഉല്പന്നങ്ങൾ കൂടുതൽ വേഗത്തിലും അങ്ങിനെ വിലകുറച്ചും നിർമ്മിക്കാൻ കഴിഞ്ഞു. അത് ഓരോ തൊഴിലാളിയുടേയും അദ്ധ്വാനത്തെ വളരെയേറെ ലളിതവും നിരന്തരം ആവർത്തിക്കുന്നതുമായ യാന്ത്രികപ്രവൃത്തിയായി ചുരുക്കി. ഒരു യന്ത്രത്തിന് അത്രതന്നെയെന്നു മാത്രമല്ല അതിലേറെ എത്രയോ നന്നായി ചെയ്യാവുന്ന പ്രവൃത്തിയാണിത്. അങ്ങിനെ, നൂൽനൂല്പ്—നെയ്ത്തുവ്യവസായത്തെപ്പോലെതന്നെ ഈ വ്യവസായശാഖകളെല്ലാം ഒന്നൊന്നായി ആവിശക്തിയുടേയും യന്ത്രോപകരണങ്ങളുടേയും ഫാക്ടറിസമ്പ്രദായത്തിന്റേയും ആധിപത്യത്തിൻകീഴിലായി. എന്നാൽ അതുവഴി അവയെല്ലാം വൻകിടമുതലാളിമാരുടെ കൈകളിൽ വന്നുവീഴുകയാണുണ്ടായത്. ഇവിടെയും തൊഴിലാളികൾക്ക് സ്വാതന്ത്ര്യത്തിന്റെ അവസാനലാഞ്ഛനയും നഷ്ടപ്പെട്ടു. ക്രമേണ, ശരിക്കുള്ള നിർമ്മാണത്തൊഴിലിനു പുറമെ കൈത്തൊഴിലുകളും ഫാക്ടറിസമ്പ്രദായത്തിന്റെ മേധാവിത്വത്തിന് അടിപെട്ടു. കാരണം വളരെയേറെ ചെലവു ചുരുക്കിയും തൊഴിലാളികൾക്കിടയിൽ അദ്ധ്വാനം വിഭജിച്ചുകൊടുത്തും വലിയ വർക്ക്ഷോപ്പുകൾ പണിതുകൊണ്ട് ഇവിടെയും വലിയ മുതലാളിമാർ ചെറിയ കൈവേലക്കാരെ കൂടുതൽകൂടുതൽ തള്ളിമാററി. പരിഷ്കൃതരാജ്യങ്ങളിൽ അദ്ധ്വാനത്തിന്റെ ഏതാണ്ടെല്ലാ ശാഖകളും ഫാക്ടറിസമ്പ്രദായത്തിൻകീഴിൽ നടത്തിവരാനും ആ ശാഖകളിൽ ഒട്ടുമിക്കതിലും വൻകിടവ്യവസായം കൈത്തൊഴിലാളിനേയും നിർമ്മാണത്തേയും തള്ളിപ്പുറത്താക്കാനും ഇടയായത് ഇങ്ങനെയാണ്. ഇതിന്റെ ഫലമായി മുമ്പത്തെ ഇടത്തരം വർഗ്ഗങ്ങൾ, വിശേഷിച്ച് ചെറുകിട കൈവേലക്കാരായ മേസ്ത്രിമാർ, അധികമധികം നാശത്തിലേക്കു തള്ളിവിടപ്പെട്ടിരിക്കുന്നു. തൊഴിലാളികളുടെ മുമ്പത്തെ സ്ഥിതി പാടേ മാറിയിരിക്കുന്നു. മറെറല്ലാ വർഗ്ഗങ്ങളേയും ക്രമേണ വിഴുങ്ങിക്കൊണ്ട് രണ്ടു പുതിയ വർഗ്ഗങ്ങൾ നിലവിൽ വന്നിരിക്കുന്നു. അതായത്:

I. വലിയ മുതലാളിമാരുടെ വർഗ്ഗം. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും എല്ലാ ഉപജീവനോപാധികളും ആ ഉപജീവനോപാധികൾ ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളും ഉപകരണങ്ങളും (യന്ത്രോപകരണങ്ങൾ, ഫാക്ടറികൾ, മുതലായവ) ഏതാണ്ടു പൂർണ്ണമായും അവരുടെ വകയാണ്. ഈ വർഗ്ഗമാണ് ബൂർഷ്വാവർഗ്ഗം അഥവാ ബൂർഷ്വാസി.

II. യാതൊന്നും സ്വന്തമായിട്ടില്ലാത്തവരും അതുകൊണ്ട് അവശ്യംവേണ്ട ഉപജീവനോപാധികൾ ലഭിക്കുന്നതിനു പകരമായി തങ്ങളുടെ അദ്ധ്വാനം ബൂർഷ്വാകൾക്കു വിൽക്കാൻ നിർബ്ബന്ധിതരായിട്ടുള്ളവരുമായ ആളുകളുടെ വർഗ്ഗം. ഈ വർഗ്ഗത്തെ തൊഴിലാളിവർഗ്ഗം അഥവാ പ്രോലെറേററിയററ് എന്നു വിളിക്കുന്നു.

ചോദ്യം 5: തൊഴിലാളികൾ ബൂർഷ്വാകൾക്ക് ഇങ്ങനെ അ
ദ്ധ്വാനം വിൽക്കുന്നത് ഏതു സാഹചര്യങ്ങളിലാണ്?

ഉത്തരം: മറേറതൊരു ചരക്കിനേയുംപോലെ അദ്ധ്വാനവും ഒരു
ചരക്കാണ്. മറേറതൊരു ചരക്കിന്റേയും വിലയെ നിർണ്ണയിക്കുന്ന
നിയമങ്ങൾതന്നെ അതിന്റെ വിലയേയും നിർണ്ണയിക്കുന്നു. വൻ
കിടവ്യവസായത്തിന്റെ ആധിപത്യത്തിൻകീഴിലായാലും സ്വതന്ത്ര
മത്സരത്തിന്റെ ആധിപത്യത്തിൻകീഴിലായാലും (രണ്ടും ഒന്നുതന്നെ
യാണെന്നു നാം വഴിയെ കാണുന്നതാണ്) ഒരു ചരക്കിന്റെ വില,
ശരാശരിയെടുത്താൽ, എപ്പോഴും ആ ചരക്കിന്റെ ഉല്പാദനച്ചെലവി
ന് തുല്യമായിരിക്കും. അതുകൊണ്ട് അദ്ധ്വാനത്തിന്റെ വിലയും അ
ദ്ധ്വാനത്തിന്റെ ഉല്പാദനച്ചെലവിനു തുല്യമാണെന്നു വരുന്നു. തൊഴി
ലാളിയെ അദ്ധ്വാനത്തിനു പ്രാപ്തനാക്കാനും തൊഴിലാളിവർഗ്ഗം നാ
ശമടയാതിരിക്കാനും ആവശ്യമായ ഉപജീവനോപാധികളുടെ തുകയാ
ണ് കൃത്യമായും അദ്ധ്വാനത്തിന്റെ ഉല്പാദനച്ചെലവിൽ അടങ്ങിയി
രിക്കുന്നത്. എന്നുവച്ചാൽ, ഈ ഉദ്ദേശത്തിനു വേണ്ടിവരുന്നതിലും
കൂടുതലായി യാതൊന്നും തൊഴിലാളിക്ക് തന്റെ അദ്ധ്വാനത്തിനു
പ്രതിഫലമായി ലഭിക്കുകയില്ലെന്നർത്ഥം. ജീവവൻ നിലനിർ
ത്താൻ ഏററവും ചുരുങ്ങിയതു്, ഏററവും കുറഞ്ഞതു്, എത്ര വേണോ
അതായിരിക്കും അദ്ധ്വാനത്തിന്റെ വില അഥവാ കൂലി. ബിസി
നസ്സ് ചിലപ്പോൾ മോശവും ചിലപ്പോൾ മെച്ചവുമായിരിക്കുമെന്ന
തുകൊണ്ട്, ഫാക്ടറി ഉടമസ്ഥ് തന്റെ ചരക്കിന് ഒരു സമയത്ത് കൂ
ടുതലും വേറൊരു സമയത്ത് കുറച്ചും കിട്ടുന്നുവെന്നതുപോലെതന്നെ
തൊഴിലാളിക്ക് ചിലപ്പോൾ കൂടുതലും ചിലപ്പോൾ കുറച്ചുമായിരി
ക്കും കിട്ടുന്നത്. എങ്കിലും നല്ല കാലമായാലും ചീത്തക്കാലമായാലും
ഫാക്ടറി ഉടമസ്ഥ് തന്റെ ചരക്കിന് ശരാശരി കിട്ടുന്നത് അതിന്റെ
ഉല്പാദനച്ചെലവിനേക്കാൾ കൂടുതലോ കുറവോ ആയിരിക്കുകയില്ല
എന്നതുപോലെതന്നെ, തൊഴിലാളിക്ക് ശരാശരി കിട്ടുന്നത് കുറ
ഞ്ഞ (മിനിമം) കൂലിയേക്കാൾ കൂടുതലോ കുറവോ ആയിരിക്കുകയി
ല്ല. അദ്ധ്വാനത്തിന്റെ എല്ലാ ശാഖകളേയും വൻകിടവ്യവസായം
എത്രകണ്ട് കൂടുതൽ ഏറെറടുക്കുന്നോ അത്രകണ്ട് കൂടുതൽ കർശനമാ
യി കൂലിയെസ്സംബന്ധിച്ച ഈ സാമ്പത്തികനിയമം നടപ്പാക്കപ്പെ
ടുന്നതാണ്.

ചോദ്യ 6: വ്യാവസായികവിപ്ലവത്തിനുമുമ്പ്, എന്തെല്ലാം
പണിയാളവർഗ്ഗങ്ങളാണ് നിലവിലുണ്ടായിരുന്നത്?

ഉത്തരം: സമൂഹത്തിന്റെ വ്യത്യസ്തവികാസഘട്ടങ്ങളനുസരിച്ച്



പണിയാളവർഗ്ഗങ്ങൾ വ്യത്യസ്തസാഹചര്യങ്ങളിൽ ജീവിക്കുകയും സ്വ
ത്തുടമവർഗ്ഗങ്ങളും ഭരണാധികാരിവർഗ്ഗങ്ങളുമായി വ്യത്യസ്തബന്ധ
ങ്ങൾ വച്ചുപുലർത്തുകയും ചെയ്തുവന്നു. പ്രാചീനകാലത്ത് പണിയാ
ളർ തങ്ങളുടെ ഉടമകളുടെ അടിമകളായിരുന്നു. പല പിന്നോക്കരാജ്യ
ങ്ങളിലും യുണൈററഡ് സ്റ്റേററ്സിന്റെ തെക്കൻഭാഗത്തുപോലും
അവർ ഇന്നും അങ്ങിനെയാണ്. മദ്ധ്യയുഗങ്ങളിൽ അവർ ഭൂവുടമക
ളായ പ്രഭുവർഗ്ഗത്തിന്റെ അടിയാളന്മാരായിരുന്നു. ഹംഗറിയിലും
പോളണ്ടിലും റഷ്യയിലും അവർ ഇന്നും അങ്ങിനെയാണ്. മദ്ധ്യയു
ഗങ്ങളിലും വ്യാവസായികവിപ്ലവം നടക്കുന്നതുവരെയും പട്ടണങ്ങ
ളിൽ പെററിബൂർഷ്വാ യജമാനന്മാരുടെ കീഴിൽ പണിയെടുക്കുന്ന
കൈവേലക്കാരുമുണ്ടായിരുന്നു. നിർമ്മാണത്തൊഴിൽ വളർന്നുവന്ന
തോടെ നിർമ്മാണത്തൊഴിലാളികൾ ക്രമേണ രംഗത്തുവന്നു. ഏറെ
ക്കുറെ വലിയ മുതലാളിമാരാണ് ഇപ്പോൾ അവരെ പണിക്കു വ
ച്ചിരിക്കുന്നത്.

ചോദ്യം 7: തൊഴിലാളി അടിമയിൽനിന്നു വ്യത്യാസപ്പെട്ടിരി
ക്കുന്നത് ഏതു വിധത്തിലാണ്?

ഉത്തരം: അടിമ എക്കാലത്തേക്കുമായി വിൽക്കപ്പെടുന്നു. തൊ
ഴിലാളിക്ക് ദിവസംതോറും മണിക്കൂർതോറും സ്വയം വിൽക്കേണ്ടി
വരുന്നു. ഒരു നിശ്ചിതയജമാനന്റെ സ്വത്തായ ഓരോ പ്രത്യേകം പ്ര
ത്യേകം അടിമസ്ഥും യജമാനന്റെ താല്പര്യത്തിനുവേണ്ടി മാത്രമാണെ
ങ്കിലും എത്രതന്നെ മോശപ്പെട്ടതാണെങ്കിലും ഉപജീവനത്തിന് ഉറ
പ്പുണ്ട്. ഓരോ പ്രത്യേകംപ്രത്യേകം തൊഴിലാളിയും ബൂർഷ്വാവർ
ഗ്ഗത്തിന്റെ ഒന്നടങ്കം സ്വത്താണെന്നു പറയാം. ആർക്കെങ്കിലും ആ
വശ്യമുള്ളപ്പോൾ മാത്രമേ അവന്റെ അദ്ധ്വാനത്തെ വാങ്ങുന്നുള്ളു. ആ
നിലക്ക് അവന്റെ ഉപജീവനത്തിന് ഉറപ്പില്ല. തൊഴിലാളിവർഗ്ഗ
ത്തിനു മൊത്തത്തിൽ മാത്രമേ ഈ ഉപജീവനത്തിന് ഉറപ്പുള്ളു. അ
ടിമ നിൽക്കുന്നത് മത്സരത്തിനു വെളിയിലാണ്. തൊഴിലാളിനിൽ
ക്കുന്നത് അതിനകത്താണ്. അതിന്റെ എല്ലാ ചാഞ്ചാട്ടങ്ങളും അവ
ന് അനുഭവപ്പെടുന്നു. അടിമയെ കണക്കാക്കുന്നത് ഒരു സാധനമായി
ട്ടാണ്, സിവിൽസമൂഹത്തിലെ അംഗമായിട്ടല്ല. തൊഴിലാളിയെ
വീക്ഷിക്കുന്നത് ഒരു വ്യക്തിയെന്ന നിലക്കാണ്, സിവിൽ സമൂഹ
ത്തിലെ അംഗമെന്ന നിലക്കാണ്. അങ്ങിനെ അടിമ തൊഴിലാളി
യേക്കാൾ ഭേദപ്പെട്ട ജീവിതം നയിച്ചെന്നുവരാം. എങ്കിലും തൊഴി

ലാളി സമൂഹത്തിന്റെ കൂടുതലുയർന്ന ഒരു വികാസഘട്ടത്തിൽ പെട്ടവനാണു്. അടിമയേക്കാൾ ഉയർന്ന പടിയിലാണു് അവൻ നിൽക്കുന്നതു്. എല്ലാ സ്വകാര്യസ്വത്തുടമബന്ധങ്ങളിലും വച്ചു് അടിമത്തബന്ധത്തെ മാത്രം തകർത്തുകൊണ്ടു് അടിമ മോചനം നേടുകയും അങ്ങിനെ ഒരു തൊഴിലാളിയായിത്തീരുകയും ചെയ്യുന്നു. പൊതുവിൽ സ്വകാര്യസ്വത്തിനെത്തന്നെ ഇല്ലാതാക്കിക്കൊണ്ടു മാത്രമേ തൊഴിലാളിക്കു് മോചനം നേടാൻ കഴിയൂ.

ചോദ്യം 8: തൊഴിലാളി അടിയാളനിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതു് ഏതു വിധത്തിലാണു്?

ഉത്തരം: ഒരു ഉല്പാദനോപകരണം, ഒരു തുണ്ടു ഭൂമി, അടിയാളന്റെ കൈവശത്തിലും ഉപയോഗത്തിലുമുണ്ടു്. അതിനു പകരമായി അവൻ ഉല്പന്നത്തിന്റെ ഒരംശം ഏല്പിക്കുകയോ പണിയെടുക്കുകയോ ചെയ്യുന്നു. തൊഴിലാളിയാകട്ടെ, മറ്റൊരാളിന്റെ വകയായ ഉല്പാദനോപകരണങ്ങൾ വച്ചു് പണിയെടുക്കുകയും ഉല്പന്നത്തിന്റെ ഒരംശം പകരമായി അവനു കിട്ടുകയും ചെയ്യുന്നു. അടിയാളൻ കൊടുക്കുന്നു. തൊഴിലാളിക്കു് കൊടുക്കപ്പെടുന്നു. അടിയാളനു് ഉപജീവനത്തിനുറപ്പുണ്ടു്, തൊഴിലാളിക്കു് അതില്ല. അടിയാളൻ മത്സരത്തിനു പുറത്തും തൊഴിലാളി അതിനകത്തും നിൽക്കുന്നു. പട്ടണത്തിലേക്കു് ഓടിപ്പോയി അവിടെ ഒരു കൈവേലക്കാരനായിതീരുകയോ, തന്റെ ഭൂവുടമസ്ഥു് അദ്ധ്വാനവും ഉല്പന്നങ്ങളും കൊടുക്കുന്നതിനു പകരം പണം കൊടുത്തു് അതുവഴി ഒരു വെറുമ്പാട്ടക്കാരനാവുകയോ, അതുമല്ലെങ്കിൽ തന്റെ ഫ്യൂഡൽ ഭൂപ്രഭുവിനെ അടിച്ചോടിച്ചിട്ടു് താൻതന്നെ സ്വത്തുടമയാവുകയോ ചെയ്തിട്ടാണു്—ചുരുക്കിപ്പറഞ്ഞാൽ, സ്വത്തുടമവർഗ്ഗത്തിന്റെ അണികളിലും മത്സരത്തിലും ഒരു വഴിക്കല്ലെങ്കിൽ മറ്റൊരു വഴിക്കു് പ്രവേശിച്ചുകൊണ്ടാണു്—അടിയാളൻ മോചനം നേടുന്നതു്. മത്സരവും സ്വകാര്യസ്വത്തും എല്ലാ വർഗ്ഗവൈജാത്യങ്ങളും അവസാനിപ്പിച്ചുകൊണ്ടാണു് തൊഴിലാളി മോചനം നേടുന്നതു്.

ചോദ്യം 9: തൊഴിലാളി കൈവേലക്കാരനിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതു് ഏതു വിധത്തിലാണു്?*

ചോദ്യം 10: തൊഴിലാളി നിർമ്മാണത്തിലെ വേലക്കാരനിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നതു് ഏതു വിധത്തിലാണു്?

---

* ഉത്തരമെഴുതാൻ വേണ്ടി കയ്യെഴുത്തുപ്രതിയിൽ എംഗൽസ് കുറച്ചു സ്ഥലമൊഴിച്ചിട്ടിട്ടുണ്ടു്.—എഡി.



ഉത്തരം: പതിനാറാം നൂറ്റാണ്ടുതൊട്ടു് പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലത്തെ നിർമ്മാണത്തൊഴിലാളികൾ ഒട്ടുമുക്കാലും എല്ലായിടത്തും തന്റെ ഉല്പാദനോപകരണത്തിന്റെ—തന്റെ തറിയുടേയും കുടുംബത്തിലെ ചർക്കയുടേയും—ഉടമയായിരുന്നു. കൂടാതെ, ഒഴിവുസമയത്തു് കൃഷിചെയ്യുപോന്ന ചെറിയൊരു തുണ്ടു ഭൂമിയും അവനു സ്വന്തമായിട്ടുണ്ടായിരുന്നു. തൊഴിലാളിക്കു് ഇതൊന്നുമില്ല. തന്റെ ഭൂവുടമയോ തൊഴിലുടമയോ ആയി ഏറെക്കുറെ പിതൃതന്ത്രാത്മകമായ ബന്ധങ്ങൾ പുലർത്തിക്കൊണ്ടു് ഏതാണ്ടു് പൂർണ്ണമായും നാട്ടിൻപുറത്തുതന്നെയാണു് നിർമ്മാണത്തൊഴിലാളിയുടെ താമസം. തൊഴിലാളിയാകട്ടെ, ഒട്ടുമുക്കാലും താമസിക്കുന്നതു് വലിയ പട്ടണങ്ങളിലാണു്. അവനും തൊഴിലുടമയും തമ്മിൽ തനി പണബന്ധമാണുള്ളതു്. വൻകിടവ്യവസായം നിർമ്മാണത്തൊഴിലാളിയെ അവന്റെ പിതൃതന്ത്രാത്മകസാഹചര്യങ്ങളിൽനിന്നു പിഴുതുമാറ്റുന്നു. സ്വന്തമായിട്ടു് അപ്പോഴും കൈവശമുള്ള സ്വത്തു് നഷ്ടപ്പെട്ടു് അവൻ ഒരു തൊഴിലാളിയായിത്തീരുന്നു.

ചോദ്യം 11: വ്യാവസായികവിപ്ലവത്തിന്റേയും സമൂഹം ബൂർഷ്വായും തൊഴിലാളിയുമായി വിഭജിക്കപ്പെട്ടതിന്റേയും അടിയന്തിരഫലങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം: ഒന്നാമതു്, യന്ത്രാദ്ധ്വാനം വ്യാവസായികോല്പന്നങ്ങളുടെ വില നിരന്തരം കുറച്ചതുകൊണ്ടു് കായികാദ്ധ്വാനത്തിൽ അധിഷ്ഠിതമായ നിർമ്മാണത്തൊഴിലിന്റേയോ വ്യവസായത്തിന്റേയോ പഴയ സമ്പ്രദായത്തിനു് എല്ലാ രാജ്യങ്ങളിലും സമ്പൂർണ്ണനാശം സംഭവിച്ചു. ചരിത്രവികാസത്തിൽനിന്നു് ഇതേവരെ ഏറെക്കുറെ ഒററപ്പെട്ടുനിന്നിരുന്നതും നിർമ്മാണത്തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയ വ്യവസായത്തോടുകൂടിയതുമായ എല്ലാ അർദ്ധകിരാതരാജ്യങ്ങളും അങ്ങിനെ നിർബ്ബന്ധപൂർവ്വം അവയുടെ ഏകാന്തതയിൽനിന്നു് പുറത്തേക്കു കൊണ്ടുവരപ്പെട്ടു. അവ ഇംഗ്ലീഷുകാരുടെ വിലകുറഞ്ഞ ചരക്കുകൾ വാങ്ങുകയും സ്വന്തം നിർമ്മാണത്തൊഴിലാളികളെ നശിക്കാനനുവദിക്കുകയും ചെയ്തു. പരസഹസ്രം വർഷങ്ങളായി വളർച്ചമുട്ടിക്കിടന്നിരുന്ന രാജ്യങ്ങൾ—ഉദാഹരണത്തിനു് ഇന്ത്യ—അടിമുടി വിപ്ലവകരമായി മാററപ്പെട്ടതു് ഇങ്ങനെയാണു്. ചൈനപോലും ഇപ്പോൾ ഒരു വിപ്ലവത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുകയാണു്. ഉദാഹരണത്തിനു്, ഇംഗ്ലണ്ടിൽ ഇന്നു കണ്ടുപിടിച്ച ഒരു യന്ത്രം ഒരു വർഷത്തിനുശേഷം ചൈനയിലെ ലക്ഷക്കണക്കിനു തൊഴിലാളികളുടെ പിഴപ്പു മുട്ടിക്കുമെന്ന സ്ഥിതിയുളവാകുന്നു. ഇങ്ങനെ വൻകിടവ്യ

സായം ലോകത്തുള്ള എല്ലാ ജനതകളേയും പരസ്പരം ബന്ധപ്പെടുത്തു
കയും, ചെറിയ പ്രാദേശികകമ്പോളങ്ങളെയെല്ലാം ഒരൊററ ലോകക
മ്പോളമായി ഒന്നിച്ചുചേർക്കുകയും, എല്ലായിടത്തും നാഗരീകതയ്ക്കും
പുരോഗതിക്കും വഴിതെളിക്കുകയും ചെയ്തിരിക്കുന്നു. പരിഷ്കൃതരാജ്യ
ങ്ങളിൽ നടക്കുന്ന എന്തും മററെല്ലാ രാജ്യങ്ങളിലും പ്രത്യാഘാതങ്ങളു
ളവാക്കുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. ഉ
ദാഹരണത്തിനു്, ഇംഗ്ലണ്ടിലേയോ ഫ്രാൻസിലേയോ തൊഴിലാളി
കൾ ഇന്നു മോചനം നേടുന്നപക്ഷം അതു് മററെല്ലാ രാജ്യങ്ങളിലും
വിപ്ലവങ്ങൾക്കിടവരുത്താതിരിക്കില്ല. അവ ഇന്നല്ലെങ്കിൽ നാളെ
അവിടങ്ങളിലെ തൊഴിലാളികളുടേയും മോചനത്തിനു വഴിതെളി
ക്കുന്നതാണു്.

രണ്ടാമതു്, എവിടെവിടെ വൻകിടവ്യവസായം നിർമ്മാണ
ത്തൊഴിലിൻെറ സ്ഥാനമെടുത്തുവോ, അവിടെല്ലാം വ്യാവസായി
കവിപ്ലവം ബൂർഷ്വാസിയേയും അതിൻെറ സമ്പത്തിനേയും അധി
കാരത്തേയും പരമാവധി വളർത്തുകയും അതിനെ രാജ്യത്തെ ഒന്നാമ
ത്തെ വർഗ്ഗമാക്കുകയും ചെയ്തു. ഇതു സംഭവിച്ചേടത്തെല്ലാം ബൂർഷ്വാ
സി രാഷ്ട്രീയാധികാരം സ്വന്തം കയ്യിലെടുക്കുകയും അതുവരെ ഭരണം
നടത്തിയിരുന്ന വർഗ്ഗങ്ങളെ—പ്രഭുവർഗ്ഗത്തേയും, ഗ്വിൽഡുകളിൽ
പ്പെട്ട നഗരവാസികളേയും, ആ രണ്ടു കൂട്ടരെയും പ്രതിനിധാനംചെ
യ്ത രാജവാഴ്ചയേയും—അടിച്ചുപുറത്താക്കുകയും ചെയ്തുവെന്നതാണു് ഇ
തിൽനിന്നുളവായ ഫലം. അവകാശനിർണ്ണയമുള്ള ഭൂസത്തുക്കൾ,
അഥവാ ഭൂസ്വത്തുക്കൾ വിൽക്കരുതെന്ന നിരോധനങ്ങൾ അവസാനി
പ്പിച്ചുകൊണ്ടും കുലീനവർഗ്ഗത്തിൻെറ വിശേഷാവകാശങ്ങൾ എടുത്തു
കളഞ്ഞുകൊണ്ടുമാണു് ബൂർഷ്വാസി കുലീനവർഗ്ഗത്തിൻെറ, അതാ
യതു് പ്രഭുവർഗ്ഗത്തിൻെറ, അധികാരം തകർത്തതു്. എല്ലാ ഗിൽഡു
കളും കൈവേലക്കാരുടെ വിശേഷാവകാശങ്ങളും നിർത്തലാക്കിക്കൊ
ണ്ടാണു് ബൂർഷ്വാസി ഗിൽഡുകളിലെ നഗരവാസികളുടെ അധികാ
രം തകർത്തതു്. അവ രണ്ടിൻേറയും സ്ഥാനത്തു് അതു് സ്വാതന്ത്രമ
ത്സരത്തെ—അതായതു്, ഏതു വ്യവസായശാഖ വേണമെങ്കിലും നട
ത്തിക്കൊണ്ടുപോകാൻ ആർക്കും അവകാശമുള്ളതും ആവശ്യമായത്ര
മൂലധനത്തിൻെറ കുറവൊഴിച്ച് മററൊന്നുംതന്നെ അയാളെ ഇക്കാര്യ
ത്തിൽ തടസ്സപ്പെടുത്താത്തതുമായ ഒരു സാമൂഹ്യവ്യവസ്ഥയെ—ഏർ
പ്പെടുത്തി. അതുകൊണ്ടു് കൈവശമുള്ള മൂലധനം അസമമായേടത്തോ
ളം മാത്രമേ മേലാൽ സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ അസമത്വമു
ണ്ടായിരിക്കൂ എന്നും, മൂലധനമാണു് നിർണ്ണായകശക്തിയെന്നും, അ
ക്കാരണത്താൽ മുതലാളിമാർ അഥവാ ബൂർഷ്വാസി സമൂഹത്തിലെ ഒ



ന്നാമത്തെ വർഗ്ഗമായിക്കഴിഞ്ഞിരിക്കുന്നുവെന്നുമുള്ള ഒരു പരസ്യപ്ര
ഖ്യാപനമാണു് സ്വാതന്ത്ര്യമത്സരത്തിൻെറ ഏർപ്പെടുത്തൽ. എന്നാൽ
വൻകിടവ്യവസായത്തിൻെറ ആരംഭഘട്ടത്തിൽ സ്വാതന്ത്ര്യമത്സരം കൂ
ടിയേ കഴിയൂ. കാരണം, ആ സാമൂഹ്യവ്യവസ്ഥയിൽ മാത്രമേ വൻ
കിടവ്യവസായത്തിനു വളരാനൊക്കൂ. അങ്ങിനെ പ്രഭുവർഗ്ഗത്തിൻേറ
യും ഗിൽഡുകളിലെ നഗരവാസികളുടേയും സാമൂഹ്യാധികാരം തകർ
ത്തശേഷം ബൂർഷ്വാസി അവരുടെ രാഷ്ട്രീയാധികാരത്തേയും തകർ
ത്തു. സമൂഹത്തിലെ ഒന്നാമത്തെ വർഗ്ഗമായിത്തീർന്നതിനുശേഷം ബൂർ
ഷ്വാസി രാഷ്ട്രീയരംഗത്തും ഒന്നാമത്തെ വർഗ്ഗമാണെന്നു സ്വയം പ്ര
ഖ്യാപിച്ചു. പ്രാതിനിധ്യസമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ടാണു് അ
തു് അങ്ങിനെ ചെയ്തതു്. നിയമത്തിൻെറ മുമ്പിലുള്ള ബൂർഷ്വാസമ
ത്വത്തിലും സ്വാതന്ത്ര്യമത്സരത്തിൻെറ നിയമപരമായ അംഗീകരണ
ത്തിലും അധിഷ്ഠിതമായ പ്രസ്തുതസമ്പ്രദായം യൂറോപ്യൻ രാജ്യങ്ങ
ളിൽ നടപ്പിൽ വരുത്തിയതു് വ്യവസ്ഥാപിതരാജവാഴ്ചയുടെ രൂപ
ത്തിലാണു്. ആ വ്യവസ്ഥാപിതരാജവാഴ്ചകളുടെ കീഴിൽ കുറെ മൂ
ലധനം കൈവശമുള്ളവർക്കു മാത്രമേ—അതായതു് ബൂർഷ്വാകൾക്കു
മാത്രമേ—വോട്ടവകാശമുള്ളൂ. ആ ബൂർഷ്വാ വോട്ടർമാർ ജനപ്രതി
നിധികളെ തിരഞ്ഞെടുക്കുന്നു. ആ ബൂർഷ്വാ ജനപ്രതിനിധികൾ നി
കുതി ചുമത്താതിരിക്കാനുള്ള അവകാശമുപയോഗിച്ച് ബൂർഷ്വാ ഗ
വണ്മെൻറിനെ തിരഞ്ഞെടുക്കുന്നു.

മൂന്നാമതു്, വ്യാവസായികവിപ്ലവം ബൂർഷ്വാസിയെ വളർത്തി
ക്കൊണ്ടുവന്നേടത്തോളംതന്നെ തൊഴിലാളിവർഗ്ഗത്തേയും വളർത്തി
ക്കൊണ്ടുവന്നു. ബൂർഷ്വാസി ധനമാർജ്ജിക്കുന്തോറും തൊഴിലാളികൾ
എണ്ണത്തിൽ പെരുകിവന്നു. മൂലധനത്തിനു മാത്രമേ തൊഴിലാളിക
ളെ പണിക്കു വയ്ക്കാൻ കഴിയുകയുള്ളുവെന്നതുകൊണ്ടും തൊഴിലാളിക
ളെ പണിക്കു വച്ചാൽ മാത്രമേ മൂലധനം വളരുകയുള്ളുവെന്നതുകൊ
ണ്ടും മൂലധനത്തിൻെറ വളർച്ചയുടെ തോതിൽത്തന്നെ തൊഴിലാളി
വർഗ്ഗത്തിൻെറ വളർച്ചയും നടക്കുന്നു. അതോടൊപ്പം വ്യാവസായിക
വിപ്ലവം ബൂർഷ്വാകളേയും തൊഴിലാളികളേയും വ്യവസായം ഏ
ററവും ലാഭകരമായി നടത്താൻ കഴിയുന്ന വലിയ പട്ടണങ്ങളിൽ ഒ
ന്നിച്ചുകൊണ്ടുവരുന്നു. വമ്പിച്ച ജനസഞ്ചയങ്ങളെ ഇങ്ങനെ ഒരൊററ
ഇടത്തു് തടുത്തുകൂട്ടുന്നതുവഴി അതു് തൊഴിലാളികളെ സ്വന്തം ശ
ക്തിയെക്കുറിച്ച് ബോധവാന്മാരാക്കുന്നു. മാത്രമല്ല, വ്യാവസായിക
വിപ്ലവം വികസിച്ചുവരുന്തോറും, കായികാദ്ധ്വാനത്തെ പുറന്തള്ളുന്ന
യന്ത്രങ്ങൾ കൂടുതൽകൂടുതൽ കണ്ടുപിടിക്കുന്തോറും, മുമ്പു പറഞ്ഞതു
പോലെ വൻകിടവ്യവസായം ഏററവും താണ നിലവാരത്തിലേക്കു്

കൂലി കുറച്ചുകൊണ്ടുവരികയും അങ്ങിനെ തൊഴിലാളിവർഗ്ഗത്തിൻെറ സ്ഥിതി കൂടുതൽകൂടുതൽ ദുസ്സഹമാക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു വശത്തു് തൊഴിലാളിവർഗ്ഗത്തിൻെറ അസംതൃപ്തി വർദ്ധിച്ചുവരുന്നതിനാലും മറുവശത്തു് അതിൻെറ ശക്തി വർദ്ധിച്ചുവരുന്നതിനാലും വ്യാവസായികവിപ്ലവം തൊഴിലാളിവർഗ്ഗത്താൽ നടത്തപ്പെടുന്ന ഒരു സാമൂഹ്യവിപ്ലവത്തിനു കളമൊരുക്കുന്നു.

ചോദ്യം 12: വ്യാവസായികവിപ്ലവത്തിൻെറ മറ്റു് അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം: ആവിയന്ത്രത്തിൻേറയും മറ്റും യന്ത്രങ്ങളുടേയും രൂപത്തിൽ വൻകിടവ്യവസായം, ചെറിയൊരു കാലയളവിലും ചുരുങ്ങിയ ചെലവിലും വ്യാവസായികോല്പാദനം അളവററ തോതിൽ വർദ്ധിപ്പിക്കാൻ കഴിയത്തക്ക ഉപാധികൾ സൃഷ്ടിച്ചു. ഉല്പാദനം എളുപ്പമായതുകൊണ്ടു് വൻകിടവ്യവസായത്തിൻെറ അവശ്യഫലമായ സ്വതന്ത്രമത്സരം താമസിയാതെ അങ്ങേയററം മൂർഛിച്ചു. വളരെയേറെ മുതലാളിമാർ വ്യവസായത്തിലിറങ്ങി. ഉപയോഗിക്കാവുന്നതിൽ കൂടുതൽ സാധനങ്ങൾ വളരെ വേഗംതന്നെ ഉല്പാദിപ്പിക്കപ്പെട്ടു. അതിൻെറ ഫലമായി, നിർമ്മിതസാമഗ്രികൾ വിററഴിക്കാൻ കഴിയാതായി. വാണിജ്യപ്രതിസന്ധി എന്നു പറയുന്ന സ്ഥിതി സംജാതമായി. ഫാക്ടറികൾക്കു പ്രവർത്തനം നിർത്തേണ്ടിവന്നു. ഫാക്ടറി ഉടമകൾ പാപ്പരായി. തൊഴിലാളികൾക്കു പിഴപ്പു മുട്ടി. കൊടിയ ദുരിതം സർവ്വത്ര നടമാടി. കുറെക്കഴിഞ്ഞു് മിച്ചോല്പന്നങ്ങൾ വിററഴിക്കപ്പെട്ടു. ഫാക്ടറികൾ വീണ്ടും കർമ്മനിരതമായി. കൂലി വർദ്ധിച്ചു. ക്രമേണ ബിസിനസ്സു് പൂർവ്വാധികം ഊർജ്ജിതമായി നടക്കാൻ തുടങ്ങി. എന്നാൽ അധികം താമസിയാതെ ചരക്കുകൾ വീണ്ടും ക്രമത്തിലേറെ ഉല്പാദിപ്പിക്കപ്പെട്ടു. മറെറാരു പ്രതിസന്ധി ആരംഭിച്ചു. അതു് മുമ്പത്തേതിൻെറ ഗതി തന്നെ പിന്തുടർന്നു. ഇങ്ങനെ ഈ നൂററാണ്ടിൻെറ ആരംഭംതൊട്ടു് വ്യവസായത്തിൻെറ സ്ഥിതി സമൃദ്ധിയുടേയും പ്രതിസന്ധിയുടേയും കാലഘട്ടങ്ങൾക്കിടയിൽ നിരന്തരം ആടിക്കളിച്ചുകൊണ്ടിരിക്കുകയാണു്. ഒട്ടുമുക്കാലും കൃത്യമായി അഞ്ചു മുതൽ ഏഴുവരെ കൊല്ലങ്ങളിടവിട്ടു് ഇത്തരം പ്രതിസന്ധി ആവർത്തിച്ചുവരികയാണു്. ഓരോ തവണയും അതു് തൊഴിലാളികൾക്കു് കൂടുതൽകൂടുതൽ ദുസ്സഹമായ ദുരിതം വരുത്തിവയ്ക്കുന്നു, പൊതുവിപ്ലവവിക്ഷോഭവും നിലവിലുള്ള വ്യവസ്ഥിതിക്കൊട്ടാകെ ഏററവും വലിയ അപകടവും ഉളവാക്കുന്നു.



ചോദ്യം 13: മുറയ്ക്കു് ആവർത്തിക്കുന്ന ഈ വാണിജ്യപ്രതിസന്ധികളിൽനിന്നു് എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാമാണു്?

ഉത്തരം: ഒന്നാമതു്, വൻകിടവ്യവസായംതന്നെയാണു് അതിൻെറ വികാസത്തിലെ പ്രാരംഭഘട്ടങ്ങളിൽ സ്വതന്ത്രമത്സരം സൃഷ്ടിച്ചതെങ്കിലും ഇപ്പോഴതു് സ്വതന്ത്രമത്സരത്തിനപ്പുറത്തേക്കു വളർന്നിരിക്കുന്നു. മത്സരവും പൊതുവിൽ വ്യക്തികൾ ഒററക്കൊററയ്ക്കു് വ്യാവസായികോല്പാദനം നടത്തുന്നതും വൻകിടവ്യവസായത്തിനൊരു വിലങ്ങായിത്തീർന്നിരിക്കുന്നു. ആ വിലങ്ങു് അതു പൊട്ടിക്കണം, പൊട്ടിക്കുകയും ചെയ്യും. വൻകിടവ്യവസായം ഇന്നത്തെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കാലത്തോളം ഏഴു വർഷം കൂടുമ്പോൾ ആവർത്തിക്കുന്ന പൊതുപ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടു മാത്രമേ അതിനു നിലനിൽക്കാൻ കഴിയൂ. ആ കുഴപ്പം ഓരോ തവണയും നാഗരികതയെ ഒന്നടങ്കം ഭീഷണിപ്പെടുത്തുന്നു. അതു് തൊഴിലാളികളെ ദുരിതത്തിൻെറ പടുകുഴിയിലേക്കു വലിച്ചെറിയുന്നുവെന്നു മാത്രമല്ല, വളരെയേറെ ബൂർഷ്വാകളെക്കൂടി നശിപ്പിക്കുന്നു. അതുകൊണ്ടു് ഒന്നുകിൽ വൻകിടവ്യവസായത്തെ ഉപേക്ഷിക്കണം. അതു സാദ്ധ്യമല്ല. അല്ലെങ്കിൽ പരസ്പരം മത്സരിക്കുന്ന ഒററക്കൊററയ്ക്കുള്ള ഫാക്ടറി ഉടമകൾക്കു പകരം സമൂഹമൊട്ടാകെ ഒരു നിശ്ചിതപദ്ധതിയനുസരിച്ചും എല്ലാവരുടേയും ആവശ്യങ്ങളനുസരിച്ചും വ്യാവസായികോല്പാദനം നടത്തിക്കൊണ്ടുപോകുന്ന തികച്ചും പുതിയൊരു സാമൂഹ്യസംവിധാനം അതു് അവശ്യമാക്കിത്തീർക്കുന്നു.

രണ്ടാമതു്, സമൂഹത്തിലെ ഓരോ അംഗത്തിനും തികഞ്ഞ സ്വാതന്ത്ര്യത്തോടെ തൻെറ എല്ലാ ശക്തികളും കഴിവുകളും വികസിപ്പിക്കാനും പ്രയോഗിക്കാനും കഴിയുമാറു് ജീവിതത്തിനാവശ്യമായ എല്ലാ സാമഗ്രികളും അത്യധികം ഉല്പാദിപ്പിക്കപ്പെടുന്ന ഒരു സാമൂഹ്യക്രമത്തെ നിലവിൽ കൊണ്ടുവരാൻ വൻകിടവ്യവസായത്തിനും അതു സാദ്ധ്യമാക്കിത്തീർത്തിട്ടുള്ള അപരിമിതമായ ഉല്പാദനവികസനത്തിനും കഴിയുന്നതാണു്. അങ്ങിനെ ഇന്നത്തെ സമൂഹത്തിൽ എല്ലാ ദുരിതങ്ങളും എല്ലാ വാണിജ്യപ്രതിസന്ധികളും ഉളവാക്കുന്നതു് വൻകിടവ്യവസായത്തിൻെറ ഏതു ഗുണമാണോ അതേ ഗുണംതന്നെയാണു് വ്യത്യസ്തമായൊരു സാമൂഹ്യസംവിധാനത്തിൻകീഴിൽ ഈ ദുരിതങ്ങളും വിനാശകരമായ ചാഞ്ചാട്ടങ്ങളും നശിപ്പിക്കുന്നതു്.

അങ്ങിനെ, രണ്ടു കാര്യങ്ങളും വ്യക്തമായും തെളിയിക്കപ്പെട്ടിരിക്കുന്നു:

1) മേലാൽ ഈ ദോഷങ്ങളെല്ലാം നിലവിലുള്ള സ്ഥിതിഗതികളുമായി പൊരുത്തപ്പെടാതായിക്കഴിഞ്ഞ സാമൂഹ്യക്രമത്തിന്റെമേൽ പൂർണ്ണമായും ആരോപിക്കാവുന്നതാണ്;

2) പുതിയൊരു സാമൂഹ്യക്രമം സ്ഥാപിക്കുന്നതിലൂടെ ഈ ദോഷങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനാവശ്യമായ ഉപാധികൾ ഇന്നുതന്നെ നിലവിലുണ്ട്.

ചോദ്യം 14: ഈ പുതിയ സാമൂഹ്യക്രമം എത്തരത്തിലുള്ളതായിരിക്കണം?

ഉത്തരം: ഒന്നാമത്, പുതിയ സാമൂഹ്യക്രമം സാമാന്യമായി വ്യവസായത്തിന്റേയും ഉല്പാദനത്തിന്റെ എല്ലാ ശാഖകളുടേയും നടത്തിപ്പ് പരസ്പരമത്സരത്തിലേർപ്പെട്ടുകൊണ്ട് വെവ്വേറെ നിൽക്കുന്ന വ്യക്തികളുടെ കൈകളിൽനിന്നു മാററും. പകരം, അത് ആ ഉല്പാദനശാഖകളെയെല്ലാം മുഴുവൻ സമൂഹത്തിന്റേയും പേരിൽ—അതായത് സമൂഹത്തിന്റെ താല്പര്യാർത്ഥവും ഒരു സാമൂഹ്യപദ്ധതിയനുസരിച്ചും സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും പങ്കാളിത്തത്തോടുകൂടിയും—നടത്തും. അങ്ങിനെ അത് മത്സരം അവസാനിപ്പിച്ച് തൽസ്ഥാനത്ത് സഹകരണം ഏർപ്പെടുത്തും. വ്യക്തികൾ ഒററക്കൊററയ്ക്ക് വ്യവസായം നടത്തുന്നത് അനിവാര്യമായും സ്വകാര്യസ്വത്തുടമസ്ഥതയിലേക്കു വഴിതെളിക്കുമെന്നതുകൊണ്ടും, മത്സരമെന്നത് സ്വകാര്യസ്വത്തുടമകളായ വ്യക്തികൾ വ്യവസായം കടത്തിക്കൊണ്ടുപോകുന്ന വിധമല്ലാതെ മററൊന്നുമല്ലാത്തതുകൊണ്ടും, സ്വകാര്യസ്വത്തുടമസ്ഥതയെ വ്യവസായത്തിന്റെ വ്യക്തിപരമായ നടത്തിപ്പിൽനിന്നും മത്സരത്തിൽനിന്നും വേർതിരിക്കാനാവില്ല. അതുകൊണ്ട് സ്വകാര്യസ്വത്തുടമസ്ഥതയും അവസാനിപ്പിക്കേണ്ടിവരും. തൽസ്ഥാനത്ത് എല്ലാ ഉല്പാദനോപകരണങ്ങളും പൊതുവായി ഉപയോഗിക്കപ്പെടും. എല്ലാ ഉല്പന്നങ്ങളും പൊതുധാരണയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടും. അതായത്, പൊതുവുടമസ്ഥത എന്നു പറയുന്ന സമ്പ്രദായം ഏർപ്പെടുത്തും. സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം; വ്യവസായത്തിന്റെ വികാസത്തിൽനിന്ന് അനിവാര്യമായും ഉൽഭൂതമാകുന്ന സാമൂഹ്യവ്യവസ്ഥയുടെയാകെ പരിവർത്തനത്തിന്റെ ഏററവും സംക്ഷിപ്തവും സമഗ്രവുമായ പ്രകാശനമാണ്. അതുകൊണ്ട് സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം മുഖ്യാവശ്യമായി കമ്മ്യൂണിസ്റ്റുകാർ മുന്നോട്ടുവയ്ക്കുന്നത് തികച്ചും ശരിയാണ്.



ചോദ്യം 15: സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം മു
മ്പ് അസാദ്ധ്യമായിരുന്നുവെന്നാണോ ഇതിനർത്ഥം?

ഉത്തരം: അതെ, അസാദ്ധ്യമായിരുന്നു. സാമൂഹ്യക്രമത്തിലുണ്ടാ
വുന്ന ഓരോ മാററവും സ്വത്തുടമബന്ധങ്ങളിലുണ്ടാവുന്ന ഓരോ വി
പ്ലവവും പഴയ സ്വത്തുടമബന്ധങ്ങളുമായി പൊരുത്തപ്പെടാതായിക്ക
ഴിഞ്ഞ പുതിയ ഉല്പാദനശക്തികൾ സൃഷ്ടിക്കപ്പെടുന്നതിന്റെ അവ
ശ്യഫലമാണ്. സ്വകാര്യസ്വത്തുടമസ്ഥതതന്നെ ഉത്ഭവിച്ചതു് ഇങ്ങ
നെയാണ്. സ്വകാര്യസ്വത്തുടമസ്ഥത എക്കാലത്തും നിലവിലുണ്ടാ
യിരുന്നില്ല. മദ്ധ്യയുഗങ്ങളുടെ അവസാനഘട്ടത്തിൽ നിർമ്മാണത്തൊ
ഴിലിന്റെ രൂപത്തിൽ പുതിയൊരു ഉല്പാദനരീതി രംഗപ്രവേശം ചെ
യ്തു. അന്നു നിലവിലുണ്ടായിരുന്ന ഫ്യൂഡൽ—ഗിൽഡ് സ്വത്തുടമസ്ഥ
തയുമായി പൊരുത്തപ്പെടാത്തതായിരുന്നു അത്. പഴയ സ്വത്തുടമ
ബന്ധങ്ങൾക്കപ്പുറത്തേക്കു വളർന്നുകഴിഞ്ഞിരുന്ന നിർമ്മാണത്തൊ
ഴിൽ പുതിയൊരു രൂപത്തിലുള്ള സ്വത്തുടമസ്ഥത സൃഷ്ടിച്ചു. അതാ
ണ് സ്വകാര്യസ്വത്തുടമസ്ഥത. നിർമ്മാണത്തൊഴിലിന്റെ കാലഘ
ട്ടത്തിലും വൻകിടവ്യവസായത്തിന്റെ വികാസത്തിന്റെ ആദ്യഘ
ട്ടത്തിലും സ്വകാര്യസ്വത്തുടമസ്ഥതയല്ലാതെ മററൊരു രൂപത്തിലുള്ള
സ്വത്തുടമസ്ഥത സാദ്ധ്യമല്ലായിരുന്നു, സ്വകാര്യസ്വത്തുടമസ്ഥതയെ
അടിസ്ഥാനപ്പെടുത്തിയതല്ലാതെ മററൊരു സാമൂഹ്യക്രമം സാദ്ധ്യമ
ല്ലായിരുന്നു. എല്ലാവർക്കും നൽകാൻ തികയുന്നതിനു പുറമെ സാമൂ
ഹ്യമൂലധനം വർദ്ധിപ്പിക്കാനും ഉല്പാദനശക്തികളെ കൂടുതൽ വിക
സിപ്പിക്കാനും വേണ്ടി ഉല്പന്നങ്ങളുടെ കുറെ മിച്ചം വയ്ക്കാൻകൂടി ആ
വശ്യമായത്ര അളവിൽ ഉല്പാദനം നടത്താൻ കഴിയാത്ത കാലത്തോ
ളം സമൂഹത്തിലെ ഉല്പാദനശക്തികളെ അടക്കിഭരിക്കുന്ന ഒരു മേധാ
വിവർഗ്ഗവും ദരിദ്രമായ ഒരു മർദ്ദിതവർഗ്ഗവും എപ്പോഴുമുണ്ടായേ തീ
രൂ. ഈ വർഗ്ഗങ്ങൾ എത്തരത്തിലുള്ളതാണെന്നതു് ഉല്പാദനത്തിന്റെ
വികാസഘട്ടത്തെ ആശ്രയിച്ചിരിക്കും. കൃഷിയെ ആശ്രയിച്ചു നില
നിന്ന മദ്ധ്യയുഗങ്ങളിൽ നാം കാണുന്നതു് ഭൂപ്രഭുവിനേയും അടിയാ
ളനേയുമാണ്. മദ്ധ്യയുഗങ്ങളുടെ അവസാനകാലത്ത് നഗരങ്ങളിൽ
ഗിൽഡ് മേസ്ത്രിയേയും അയാളുടെ കീഴിൽ പണിയെടുക്കുന്ന അപ്ര
ണ്ടീസുകളേയും ദിവസവേലക്കാരേയും കാണാം. പതിനേഴാം നൂററാ
ണ്ടിലുണ്ടായിരുന്നതു് നിർമ്മാണത്തൊഴിലുടമകളും നിർമ്മാണത്തൊ
ഴിലാളികളുമാണ്. പത്തൊമ്പതാം നൂററാണ്ടിലുള്ളതു് വൻകിടഫാ
ക്ടറിയുടമയും തൊഴിലാളിയുമാണ്. എല്ലാവർക്കും മതിയായത്ര അ
ളവിൽ ഉല്പാദനം നടത്താനും സ്വകാര്യയുടമസ്ഥത ഉല്പാദനശക്തികൾ
ക്കൊരു വിലങ്ങും പ്രതിബന്ധവുമായിത്തീരാനുമാവശ്യമായത്ര വി

പുലമായി ഉല്പാദനശക്തികൾ ഇനിയും വളർന്നിട്ടില്ലെന്നു വ്യക്തമാണ്. എന്നിരുന്നാലും ഒന്നാമത്ത്, വൻകിടവ്യവസായത്തിന്റെ വികസനം ഇതേവരെ കേട്ടുകേൾവിപോലുമില്ലാതിരുന്ന തോതിൽ മൂലധനത്തേയും ഉല്പാദനശക്തികളേയും ഇപ്പോൾ സൃഷ്ടിച്ചിരിക്കുന്നു. ആ ഉല്പാദനശക്തികളെ ചെറിയൊരു കാലയളവിൽ അവസാനമില്ലാതെ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾ നിലവിലുണ്ട്. രണ്ടാമത്ത്, ഈ ഉല്പാദനശക്തികൾ കുറച്ചു ബൂർഷ്വാകളുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. അതേസമയം, ജനങ്ങളുടെ വമ്പിച്ച വിഭാഗങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ അണികളിലേക്ക് കൂടുതൽ കൂടുതൽ വീണുകൊണ്ടിരിക്കുന്നു. ബൂർഷ്വാകളുടെ സമ്പത്ത് പെരുകുന്ന തോതിൽത്തന്നെ അവരുടെ സ്ഥിതി കൂടുതൽകൂടുതൽ ദുരിതപൂർണ്ണവും ദുസ്സഹവുമായി വരികയാണ്. മൂന്നാമത്ത്, ഊററമേറിയതും എളുപ്പം പെരുകുന്നതുമായ ഈ ഉല്പാദനശക്തികൾ സ്വകാര്യസ്വത്തുടമസ്ഥതയും ബൂർഷ്വാകൾക്കുമപ്പുറത്തേക്ക് വളരെയേറെ വളർന്നുകഴിഞ്ഞിരിക്കുന്നതിനാൽ അവ സാമൂഹ്യക്രമത്തിൽ പ്രബലമായ കോളിളക്കങ്ങൾക്ക് നിരന്തരം ഇടയാക്കുന്നുണ്ട്. ഇങ്ങനെയെല്ലാമിരിക്കുന്ന ഇപ്പോൾ മാത്രമാണ് സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം സാദ്ധ്യമെന്നു മാത്രമല്ല, തികച്ചും അനുപേക്ഷണീയവുമായി വന്നിരിക്കുന്നത്.

ചോദ്യ 16: സ്വകാര്യസ്വത്തുടമസ്ഥതയെ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമോ?

ഉത്തരം: അങ്ങിനെ സംഭവിക്കുന്നതാണ് അഭിലഷണീയം. തീർച്ചയായും കമ്മ്യൂണിസ്റ്റുകാർ അതിനെതിരായിരിക്കുകയില്ല എല്ലാ ഗൂഢാലോചനകളും വ്യർത്ഥമാണെന്നു മാത്രമല്ല ഹാനികരം കൂടിയാണെന്ന് കമ്മ്യൂണിസ്റ്റുമാർക്ക് എത്രയോ ഭംഗിയായിട്ടറിയാം. കല്പിച്ചുകൂട്ടിയും സ്വേച്ഛാനുസൃതമായും വിപ്ലവങ്ങൾ നടത്താനാവില്ലെന്നും ഏതെങ്കിലും പാർട്ടികളുടേയും മുഴുവൻ വർഗ്ഗങ്ങളുടേയും ഹിതത്തേയോ നേതൃത്വത്തേയോ തെല്ലും ആശ്രയിക്കാത്ത സാഹചര്യങ്ങളുടെ അവശ്യമായ അനന്തരഫലമെന്ന നിലയ്ക്കാണ് എവിടെയും എക്കാലത്തും വിപ്ലവങ്ങൾ നടന്നിട്ടുള്ളതെന്നും അവർക്ക് എത്രയോ ഭംഗിയായിട്ടറിയാം. എന്നാൽ ഏതാണ്ടെല്ലാ പരിഷ്കൃതരാജ്യങ്ങളിലും തൊഴിലാളിവർഗ്ഗത്തിന്റെ വികാസത്തെ ബലംപ്രയോഗിച്ച് അടിച്ചമർത്തുകയാണെന്നും കമ്മ്യൂണിസ്റ്റുകാരുടെ എതിരാളികൾ അതുവഴി വിപ്ലവത്തെ സർവ്വവിധേന പ്രോത്സാഹിപ്പിക്കുകയാണെന്നും



കൂടി അവർ കാണുന്നുണ്ട്. മർദ്ദിതരായ തൊഴിലാളിവർഗ്ഗം അവസാനം വിപ്ലവം നടത്താൻ നിർബ്ബന്ധിതരായിത്തീരുകയാണെങ്കിൽ ഇപ്പോൾ വാക്കാലെന്നപോലെ പ്രവൃത്തിയിലും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ തൊഴിലാളികളുടെ ലക്ഷ്യത്തെ കാത്തുരക്ഷിക്കുന്നതാണ്.

ചോദ്യം 17: സ്വകാര്യസ്വത്തുടമസ്ഥതയെ ഒററയടിക്ക് ഇല്ലാതാക്കാൻ കഴിയുമോ?

ഉത്തരം: ഇല്ല, കൂട്ടായ സമ്പദ്‌വ്യവസ്ഥയെ സൃഷ്ടിക്കാനാവശ്യമായ അളവിൽ നിലവിലുള്ള ഉല്പാദനശക്തികളെ ഒററയടിക്ക് വർദ്ധിപ്പിക്കാൻ സാദ്ധ്യമല്ലാത്തതുപോലെതന്നെ ഇതും സാദ്ധ്യമല്ല. അതുകൊണ്ട്, ആസന്നമായിരിക്കുന്നുവെന്ന് എല്ലാ സൂചനകളുമുള്ള തൊഴിലാളിവർഗ്ഗവിപ്ലവത്തിന് നിലവിലുള്ള സമൂഹത്തെ ക്രമേണ രൂപാന്തരപ്പെടുത്താൻ മാത്രമേ കഴിയൂ. ഉല്പാദനോപാധികൾ വേണ്ടത്ര സൃഷ്ടിച്ചുകഴിയുമ്പോൾ മാത്രമേ അത് സ്വകാര്യസ്വത്തുടമസ്ഥത അവസാനിപ്പിക്കൂ.

ചോദ്യം 18: ഈ വിപ്ലവത്തിന്റെ ഗതി എന്തായിരിക്കും?

ഉത്തരം: ഒന്നാമത്ത്, അത് ഒരു ജനാധിപത്യഭരണക്രമവും അങ്ങിനെ പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയവാഴ്ചയും നിലവിൽ കൊണ്ടുവരും. തൊഴിലാളിവർഗ്ഗം ഇപ്പോൾത്തന്നെ ജനങ്ങളിൽ ഭൂരിപക്ഷമായിട്ടുള്ള ഇംഗ്ലണ്ടിൽ ഇത് പ്രത്യക്ഷരൂപത്തിൽ നടക്കും. ഫ്രാൻസിലും ജർമ്മനിയിലും അതു സംഭവിക്കുന്നത് പരോക്ഷമായിട്ടായിരിക്കും. അവിടങ്ങളിൽ തൊഴിലാളികൾക്കു പുറമെ ചെറുകിടകൃഷിക്കാരും പട്ടണങ്ങളിലെ ചെറുകിട ബൂർഷ്വാകളും കൂടി ചേർന്നതാണ് ജനങ്ങളിൽ ഭൂരിപക്ഷം. ഇപ്പോൾ തൊഴിലാളിവർഗ്ഗമായി മാറിക്കൊണ്ടിരിക്കുന്നവരും രാഷ്ട്രീയതാല്പര്യങ്ങളിൽ തൊഴിലാളിവർഗ്ഗത്തെ കൂടുതൽകൂടുതൽ ആശ്രയിക്കേണ്ടിവരുന്നവരുമാണ് അവർ. അതുകൊണ്ട് അവർക്ക് താമസിയാതെ തൊഴിലാളിവർഗത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കേണ്ടിവരും. ഒരുപക്ഷേ ഇത് രണ്ടാമതൊരു പോരാട്ടത്തിന് ഇടയാക്കിയേക്കും. ആ പോരാട്ടം തൊഴിലാളിവർഗ്ഗത്തിന്റെ വിജയത്തിലേ കലാശിക്കൂ.

സ്വകാര്യസ്വത്തുടമസ്ഥതയെ നേരിട്ട് കടന്നാക്രമിക്കുകയും തൊഴിലാളിവർഗ്ഗത്തിന്റെ നിലനില്പിന് ഉറപ്പുവരുത്തുകയും ചെയ്യുന്ന അനന്തരനടപടികളെടുക്കാനുള്ള ഒരു മാർഗ്ഗമായി ജനാധിപത്യ

ത്തെ ഉടനടി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിനു് ജനാധിപത്യംകൊണ്ടു് യാതൊരു പ്രയോജനവുമില്ല. നിലവിലുള്ള സാഹചര്യങ്ങളിൽനിന്നു് ഇപ്പോൾത്തന്നെ ഉളവാകുന്ന ആ നടപടികളിൽ ഏററവും പ്രധാനം താഴെപ്പറയുന്നവയാണു്:

1. ക്രമപ്രവൃദ്ധമായ ആദായനികുതികൾ, ഉയർന്ന പിന്തുടർച്ചാവകാശനികുതികൾ, ഭിന്നശാഖയിലുള്ളവർക്കു് (സഹോദരന്മാർ, അനന്തിരവന്മാർ, മുതലായവർക്കു്) ലഭിക്കുന്ന പിന്തുടർച്ചാവകാശം ഇല്ലാതാക്കൽ, നിർബ്ബന്ധിതവായ്പകൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സ്യകാര്യത്തുടമസ്ഥത പരിമിതപ്പെടുത്തുക.

2. ഭാഗികമായി പൊതുമേഖലാവ്യവസായങ്ങളുടെ ഭാഗത്തുനിന്നുള്ള മത്സരം വഴിക്കും ഭാഗികമായി നേരിട്ടു് കറൻസിനോട്ടുകളായി നഷ്ടപരിഹാരം നൽകിയും ഭൂസ്വത്തുടമകളുടേയും ഫാക്ടറി ഉടമകളുടേയും റെയിൽവേ—കപ്പൽഗതാഗത ഉടമകളുടേയും സ്വത്തുക്കൾ ക്രമേണ പിടിച്ചെടുക്കുക.

3. എല്ലാ പ്രവാസികളുടേയും ജനങ്ങളുടെ ഭൂരിപക്ഷത്തിനെതിരെ കലാപം നടത്തുന്നവരുടേയും സ്വത്തു കണ്ടുകെട്ടുക.

4. അദ്ധ്വാനം സംഘടിപ്പിക്കുന്നതു്, അഥവാ തൊഴിലാളികളെ പണിക്കു വയ്ക്കുന്നതു്, ദേശീയ എസ്റ്റേററുകളിലും ഫാക്ടറികളിലും വർക്കു്ഷോപ്പുകളിലുമായിരിക്കണം. അങ്ങിനെ തൊഴിലാളികൾക്കിടയിലുള്ള മത്സരം അവസാനിപ്പിക്കുകയും ഫാക്ടറിഉടമകൾ നിലനിൽക്കുന്ന കാലത്തോളം സ്റ്റേററു് നൽകുന്ന ഉയർന്ന കൂലി കൊടുക്കാൻ അവരെ നിർബ്ബന്ധിക്കുകയും ചെയ്യുക.

5. സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം പൂർത്തിയാകുന്നതുവരെ സമൂഹത്തിലെ എല്ലാ അംഗങ്ങളേയും പണിയെടുക്കാൻ ഒരുപോലെ ബാദ്ധ്യസ്ഥരാക്കുക. വ്യവാവസായികസേനകൾ രൂപീകരിക്കുക—വിശേഷിച്ചും കൃഷിക്കുവേണ്ടി.

6. സ്റ്റേററു്മൂലധനത്തോടുകൂടിയ ദേശീയബാങ്കുവഴി—വായ്പ—ബാങ്കിങ്ങു് ഏർപ്പാടുകളെ സ്റ്റേററിൻെറ കൈകളിൽ കേന്ദ്രീകരിക്കുക. എല്ലാ സ്വകാര്യബാങ്കുകളും ബാങ്കർമാരുടെ ആഫീസുകളും അടച്ചുപൂട്ടുക.

7. രാഷ്ട്രത്തിൻെറ വരുതിയിലുള്ള മൂലധനവും തൊഴിലാളികളുടെ എണ്ണവും വർദ്ധിക്കുന്ന അതേ അനുപാതത്തിൽ ദേശീയഫാക്ടറികൾ, വർക്കു്ഷോപ്പുകൾ, റെയിൽവേകൾ, കപ്പലുകൾ, എന്നിവയുടെ എണ്ണം കൂട്ടുക, കൃഷിചെയ്യാതെ കിടക്കുന്ന എല്ലാ ഭൂമിയും കൃഷിചെയ്യുക; ഇപ്പോൾത്തന്നെ കൃഷിചെയ്യുന്ന ഭൂമി കൂടുതൽ മെച്ചമായി കൃഷിചെയ്യുക.

8. മാതൃസംരക്ഷണത്തിൻെറ ആവശ്യമില്ലാതാവുന്നയുടൻതന്നെ എല്ലാ കുട്ടികൾക്കും രാഷ്ട്രത്തിൻെറ ചെലവിൽ ദേശീയസ്ഥാപനങ്ങളിൽ വിദ്യാഭ്യാസം നൽകുക. വിദ്യാഭ്യാസത്തെ ഉല്പാദനവുമായി കൂട്ടിയോജിപ്പിക്കുക.

9. വ്യവസായത്തിലും കൃഷിയിലും ഏർപ്പെട്ടിട്ടുള്ള പൗരന്മാരുടെ കൂട്ടങ്ങൾക്കു് ഒന്നിച്ചു താമസിക്കാൻവേണ്ടി ദേശീയ എസ്റ്റേററുകളിൽ വലിയ കൊട്ടാരങ്ങൾ പണിയുക. പൗരന്മാർക്കു് നഗരജീവിതത്തിൻേറയോ ഗ്രാമജീവിതത്തിൻേറയോ ഏകപക്ഷീയതയും ദോഷങ്ങളും അനുഭവപ്പെടാത്ത തരത്തിൽ രണ്ടിൻേറയും മെച്ചങ്ങളെ കൂട്ടിയിണക്കുക.

10. അനാരോഗ്യകരവും മോശമായി പണിതിട്ടുള്ളതുമായ എല്ലാ വീടുകളും ആൾപ്പാർപ്പിനുള്ള കെട്ടിടങ്ങളും പൊളിച്ചുകളയുക.

11. വിവാഹബന്ധത്തിലൂടെയും അല്ലാതെയും ജനിച്ച കുഞ്ഞുങ്ങൾക്കു് തുല്യമായ പിന്തുടർച്ചാവകാശം നൽകുക.

12. എല്ലാ ഗതാഗതമാർഗ്ഗങ്ങളും രാഷ്ട്രത്തിൻെറ കൈകളിൽ കേന്ദ്രീകരിക്കുക.

തീർച്ചയായും ഈ നടപടികളെല്ലാം ഒററയടിക്കു് നടപ്പാക്കാൻ സാദ്ധ്യമല്ല. പക്ഷേ എപ്പോഴും ഒന്നു് മറെറാന്നിലേക്കു വഴിതെളിക്കും. സ്വകാര്യസ്വത്തുടമസ്ഥതക്കെതിരെ ആദ്യത്തെ സമൂലമായ കടന്നാക്രമണം നടത്തിക്കഴിഞ്ഞാൽ, കൂടുതൽകൂടുതൽ മുമ്പോട്ടുപോകാനും എല്ലാ മൂലധനവും എല്ലാ കൃഷിയും എല്ലാ വ്യവസായവും എല്ലാ ഗതാഗതവും എല്ലാ വിനിമയോപാധികളും സ്റ്റേററിൻെറ കൈകളിൽ കൂടുതൽകൂടുതൽ കേന്ദ്രീകരിക്കാനും തൊഴിലാളിവർഗ്ഗം നിർബ്ബന്ധിതമായിത്തീരും. ഈ നടപടികളെല്ലാംതന്നെ നയിക്കുന്നതു് അതിലേക്കാണു്. തൊഴിലാളിവർഗ്ഗത്തിൻെറ അദ്ധ്വാനഫലമായി രാജ്യത്തിൻെറ ഉല്പാദനശക്തികൾ പെരുകുന്ന അതേ അനുപാതത്തിൽ അവ പ്രയോഗക്ഷമമായിത്തീരുകയും അവയുടെ കേന്ദ്രീകരണഫലങ്ങൾ വളരുകയും ചെയ്യും. ഒടുവിൽ എല്ലാ മൂലധനവും എല്ലാ ഉല്പാദനവും എല്ലാ വിനിമയവും രാഷ്ട്രത്തിൻെറ കൈകളിൽ കേന്ദ്രീകരിക്കപ്പെട്ടു കഴിയുമ്പോൾ, സ്വകാര്യസ്വത്തുടമസ്ഥത തനിയെ നിലനിൽക്കാതാവും. പണം അധികപ്പററാവും. ഉല്പാദനം അത്രമാത്രം വർദ്ധിക്കുകയും മനുഷ്യർ അത്രമാത്രം മാറുകയും ചെയ്യുന്നതിൻെറ ഫലമായി പഴയ സാമൂഹ്യബന്ധങ്ങളുടെ അവസാനരൂപങ്ങൾക്കുകൂടി കൊഴിഞ്ഞുപോകാൻ കഴിയും.

ചോദ്യം 19: ഈ വിപ്ലവം ഒരു രാജ്യത്തു മാത്രമായി നടക്കാൻ സാദ്ധ്യമാണോ?



7—1308

ഉത്തരം: അല്ല. ഒരു ലോകകമ്പോളം ഇതിനകംതന്നെ സൃഷ്ടിച്ചുകഴിഞ്ഞിട്ടുള്ള വൻകിടവ്യവസായം അതുവഴി ലോകത്തുള്ള എല്ലാ ജനതകളേയും—വിശേഷിച്ച് പരിഷ്കൃതജനതകളെ—പരസ്പരം വളരെയധികം ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ ഒരു ജനതയ്ക്ക് എന്തു സംഭവിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ് മറ്റൊരു ജനത നിലകൊള്ളുന്നത്. മാത്രമല്ല, വൻകിടവ്യവസായം എല്ലാ പരിഷ്കൃത രാജ്യങ്ങളുടേയും സാമൂഹ്യവികാസത്തെ വളരെയധികം തട്ടിനിരപ്പാക്കിയതിന്റെ ഫലമായി ഈ രാജ്യങ്ങളിലെല്ലാം ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും സമൂഹത്തിലെ രണ്ടു നിർണ്ണായകവർഗ്ഗങ്ങളായിത്തീർന്നിരിക്കുന്നു. അവ തമ്മിലുള്ള സമരം ഇന്നത്തെ മുഖ്യസമരമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് വിപ്ലവം ഒരു ദേശീയവിപ്ലവം മാത്രമായിരിക്കില്ല. അത് എല്ലാ പരിഷ്കൃത രാജ്യങ്ങളിലും—ചുരുങ്ങിയത് ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലെങ്കിലും[41]—ഒരേസമയത്തു് നടക്കുന്നതാണ്. ആ രാജ്യങ്ങളിലോരോന്നിലും അതു വളർന്നുവരാൻ കൂടുതൽ സമയമെടുക്കുമോ കുറച്ചു സമയമെടുക്കുമോ എന്നത് അവയിലേതിനാണ് കൂടുതൽ വികസിച്ച വ്യവസായവും കൂടുതൽ സമ്പത്തും ഉല്പാദനശക്തികളുടെ കൂടുതൽ വലിയ സഞ്ചയവുമുള്ളത് എന്നതിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് അത് ഏററവും മന്ദമായും ഏററവും പ്രയാസമായും നടക്കുന്നത് ജർമ്മനിയിലായിരിക്കും. ഏററവും വേഗത്തിലും എളുപ്പത്തിലും നടക്കുന്നത് ഇംഗ്ലണ്ടിലായിരിക്കും. അത് ലോകത്തിലെ മററു രാജ്യങ്ങളുടെ മേലും ഗണ്യമായ സ്വാധീനം ചെലുത്തുന്നതാണ്. അത് അവയുടെ വികാസത്തിന്റെ ഇതേവരെയുള്ള രീതി പാടേ മാററുകയും അതിനെ വളരെയേറെ ത്വരിപ്പിക്കുകയും ചെയ്യും. അതൊരു ആഗോളവിപ്ലവമായിരിക്കും. അക്കാരണത്താൽ ആഗോളവ്യാപകമായിട്ടായിരിക്കും അതു നടക്കുന്നത്.

ചോദ്യം 20: സ്വകാര്യസ്വത്തുടമസ്ഥത നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരിക്കും?

ഉത്തരം: എല്ലാ ഉല്പാദനശക്തികളുടേയും സമ്പർക്കോപാധികളുടേയും ഉപയോഗവും ഉല്പന്നങ്ങളുടെ വിനിമയവും വിതരണവും സ്വകാര്യമുതലാളിമാരുടെ കൈകളിൽനിന്ന് സമൂഹം ഏറെറടുക്കുന്നതുകൊണ്ടും ലഭ്യമായ വിഭവങ്ങളേയും സമൂഹത്തിന്റെയൊട്ടാകെ ആവശ്യങ്ങളേയും അടിസ്ഥാനപ്പെടുത്തിയ ഒരു പദ്ധതിയനുസരിച്ച് സമൂഹം അവയെ നടത്തിക്കൊണ്ടുപോകുമെന്നതുകൊണ്ടും ഒന്നാമതായി വൻകിടവ്യവസായത്തിൽനിന്ന് ഇന്നുളവാകുന്ന ദൂഷ്ഫലങ്ങൾ



ദൂരീകരിക്കപ്പെടും. പ്രതിസന്ധികൾ അപ്രത്യക്ഷമാകും. ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൻകീഴിൽ അമിതോല്പാദനത്തിനിടയാക്കുന്നതും ദുരിതങ്ങൾക്കുള്ള ഊററമേറിയ ഒരു കാരണമായിത്തീരുന്നതുമായ വിപുലീകൃതോല്പാദനം അന്ന് മതിയാകുകപോലുമില്ല. അതിനെ കൂടുതൽ വിപുലീകരിക്കേണ്ടിവരും. സമൂഹത്തിന്റെ അടിയന്തിരാവശ്യങ്ങൾക്കുള്ളതു കഴിച്ചുള്ള അധികോല്പാദനം ദുരിതത്തിനിടവരുത്തുന്നതിനു പകരം എല്ലാവരുടേയും ആവശ്യങ്ങൾ നിറവേററുകയും പുതിയ ആവശ്യങ്ങളുളവാക്കുകയും അതോടൊപ്പം അവ നിറവേററാനുള്ള ഉപാധികൾ സൃഷ്ടിക്കുകയും ചെയ്യും. അത് കൂടുതൽ പുരോഗതിക്കുള്ള വ്യവസ്ഥയും ഉത്തേജനവുമായിത്തീരും. ഇതേവരെ നടന്നിട്ടുള്ളതുപോലെ സാമൂഹ്യക്രമത്തെയൊട്ടാകെ കുഴച്ചുമറിച്ചിട്ടല്ല അത് പുരോഗതി നേടുന്നത്. സ്വകാര്യസ്വത്തുടമസ്ഥതയുടെ നുകത്തിനടിയിൽനിന്നു മോചനം ലഭിക്കുന്നതോടെ, വൻകിടവ്യവസായം വൻതോതിൽ വികസിക്കുന്നതാണ്. അന്നത്തെ വൻകിടവ്യവസായത്തെ അപേക്ഷിച്ച് നിർമ്മാണത്തൊഴിൽ എത്രത്തോളം നിസ്സാരമായി നമുക്കു തോന്നുന്നുവോ, അത്രത്തോളംതന്നെ വൻകിടവ്യവസായത്തിന്റെ ഇന്നത്തെ വികാസനിലവാരം അന്ന് നിസ്സാരമായി തോന്നുന്നതാണ്. വ്യവസായത്തിന്റെ ഈ വികസനത്തിൽനിന്ന് എല്ലാവരുടേയും ആവശ്യങ്ങൾ നിറവേററാൻ മതിയായത്ര ഉല്പന്നങ്ങൾ സമൂഹത്തിനു ലഭിക്കും. സ്വകാര്യസ്വത്തുടമസ്ഥതയുടെ സമ്മർദ്ദംകൊണ്ടും ഭൂമി തുണ്ടുതുണ്ടായി വെട്ടിമുറിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും, ലഭ്യമായ പരിഷ്കാരങ്ങളും ശാസ്ത്രീയനേട്ടങ്ങളും പ്രയോഗിക്കാൻ കഴിയാതെവന്നിട്ടുള്ള കൃഷിയിലും പുതിയൊരു മുന്നേററം നടക്കും. അത് സമൂഹത്തിന് ധാരാളം ഉല്പന്നങ്ങൾ ലഭ്യമാക്കും. ഇങ്ങനെ എല്ലാ അംഗങ്ങളുടേയും ആവശ്യങ്ങൾ നിറവേററുന്ന തരത്തിൽ വിതരണംചെയ്യാൻ മതിയായത്ര ഉല്പന്നങ്ങൾ സമൂഹം ഉല്പാദിപ്പിക്കും. വിവിധശത്രുവർഗ്ഗങ്ങളെന്ന നിലയ്ക്കുള്ള സമൂഹത്തിന്റെ വിഭജനം അതോടെ അധികപ്പററായിത്തീരും. അധികപ്പററായിരിക്കുമെന്നു മാത്രമല്ല, അത് പുതിയ സാമൂഹ്യക്രമവുമായി പൊരുത്തപ്പെടുകപോലുമില്ല. തൊഴിൽവിഭജനത്തിലൂടെയാണ് വർഗ്ഗങ്ങൾ നിലവിൽ വന്നത്. ഇതേവരെയുണ്ടായിട്ടുള്ള രൂപത്തിൽ തൊഴിൽവിഭജനം പാടേ അപ്രത്യക്ഷമാകും. വ്യാവസായികോല്പാദനത്തേയും കാർഷികോല്പാദനത്തേയും മുകളിൽ വിവരിച്ച ഔന്നത്യങ്ങളിലേക്കു വികസിപ്പിക്കുന്നതിന് യാന്ത്രികവും രസതന്ത്രപരവുമായ സഹായകസാമഗ്രികൾമാത്രം പോരാ. ആ സഹായകസാമഗ്രികളെ കർമ്മനിരതമാക്കുന്ന മനുഷ്യരുടെ കഴിവുകളും തദനുസൃതമായി വളർത്തണം. കഴിഞ്ഞ നൂററാണ്ടിൽ വൻകിടവ്യവസായത്തിലേക്ക് ആകൃഷ്ടരായ

പ്പോൾ കൃഷിക്കാർക്കും നിർമ്മാണത്തൊഴിലാളികൾക്കും തങ്ങളുടെ ജീവിതരീതിയാകെത്തന്നെ മാററേണ്ടിവരികയും അവർ തികച്ചും വ്യത്യസ്തമനുഷ്യരായിത്തീരുകയും ചെയ്തതുപോലെതന്നെ സമൂഹമൊട്ടാകെ നിർവ്വഹിക്കുന്ന ഉല്പാദനത്തിന്റെ കൂട്ടായ നടത്തിപ്പിനും അതിന്റെ ഫലമായി ഉല്പാദനത്തിനുണ്ടാകുന്ന പുതിയ വികസനത്തിനും തികച്ചും വ്യത്യസ്തരായ മനുഷ്യരെ വേണ്ടിവരും. അവരെ അതു് വാർത്തെടുക്കുകയും ചെയ്യും. ഉല്പാദനത്തിന്റെ കൂട്ടായ നടത്തിപ്പു് ഇന്നത്തെ മനുഷ്യരെക്കൊണ്ടു് നിറവേററാനാവില്ല. ഇന്നു് ഓരോ വ്യക്തിയും ഉല്പാദനത്തിന്റെ ഏതെങ്കിലും ഒരു ശാഖയിൽ മാത്രം പണിയെടുക്കുന്നു, അതുമായി കെട്ടിയിടപ്പെട്ടിരിക്കുന്നു, അതിനാൽ ചൂഷണം ചെയ്യപ്പെടുന്നു. ഓരോ വ്യക്തിയും തന്റെ കഴിവുകളിൽ ഏതെങ്കിലും ഒന്നു മാത്രം മററുള്ളവയുടെ ചെലവിൽ വികസിപ്പിക്കുന്നു. മൊത്തം ഉല്പാദനത്തിന്റെ ഒരു ശാഖയോ ശാഖയുടെ ശാഖയോ മാത്രമാണു് അയാൾക്കറിയാവുന്നതു്. ഇന്നത്തെ വ്യവസായത്തിനുപോലും അത്തരക്കാരെക്കൊണ്ടുള്ള പ്രയോജനം കുറഞ്ഞുകുറഞ്ഞുവരികയാണു്. സമൂഹമൊട്ടാകെ കൂട്ടായും ആസൂത്രിതമായും നടത്തിക്കൊണ്ടുപോകുന്ന വ്യവസായത്തിനു്, കഴിവുകൾ സർവ്വതോമുഖമായി വികസിച്ചവരും ഉല്പാദനവ്യവസ്ഥയുടെ ഒട്ടുമൊത്തം മേൽനോട്ടം വഹിക്കാൻ കഴിവുള്ളവരുമായ ആളുകൾ തീർത്തും ആവശ്യമാണു്. അങ്ങിനെ ഒരാളെ കൃഷിക്കാരനും മറെറാരാളെ ചെരിപ്പുകുത്തിയും മൂന്നാമതൊരാളെ ഫാക്ടറിത്തൊഴിലാളിയും നാലാമതൊരാളെ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഊഹക്കച്ചവടക്കാരനുമാക്കുന്ന, യന്ത്രസമ്പ്രദായം ഇപ്പോൾത്തന്നെ തകർത്തുകൊണ്ടിരിക്കുന്ന തൊഴിൽവിഭജനം നിശ്ശേഷം അപ്രത്യക്ഷമാകും. മൊത്തം ഉല്പാദനസമ്പ്രദായവുമായി വേഗം പരിചയപ്പെടാൻ വിദ്യാഭ്യാസം ചെറുപ്പക്കാരെ പ്രാപ്തരാക്കും. സാമൂഹ്യാവശ്യങ്ങളോ സ്വന്തം വാസനകളോ അനുസരിച്ചു് ഒരു വ്യവസായശാഖയിൽനിന്നു മറെറാന്നിലേക്കു കടക്കാൻ അവർക്കു കഴിവുണ്ടാകും. അതുകൊണ്ടു് ഇന്നത്തെ തൊഴിൽവിഭജനം എല്ലാവരിലും അടിച്ചേല്പിക്കുന്ന ഏകപക്ഷീയമായ വികസനത്തിനു് അതു് അറുതിവരുത്തും. അങ്ങിനെ തങ്ങളുടെ സർവ്വതോമുഖമായി വികസിച്ചിട്ടുള്ള കഴിവുകളെ സർവ്വതോമുഖമായ വിധത്തിൽ ഉപയോഗപ്പെടുത്താനുള്ള അവസരം എല്ലാ അംഗങ്ങൾക്കും നൽകാൻ കമ്മ്യൂണിസ്റ്റ്‌രീതിയിൽ സംഘടിപ്പിക്കപ്പെട്ട സമൂഹത്തിനു കഴിയും. എന്നാൽ അതോടൊപ്പം വിവിധവർഗ്ഗങ്ങൾ അവശ്യമായും അപ്രത്യക്ഷമാകുന്നതാണു്. അങ്ങിനെ, ഒരു വശത്തു് കമ്മ്യൂണിസ്റ്റ് രീതിയിൽ സംഘടിപ്പിക്കപ്പെട്ട സമൂഹം വർഗ്ഗങ്ങളുടെ നിലനില്പുമായി പൊരുത്തപ്പെടുകയില്ല. മറുവശത്തു്, ഈ സമൂഹത്തിന്റെ നിർമ്മിതിതന്നെ ആ



വർഗ്ഗവൈജാത്യങ്ങൾ ഇല്ലാതാക്കാനുള്ള ഉപാധികൾ സൃഷ്ടിക്കുന്നു.

നഗരവും നാട്ടിൻപുറവും തമ്മിലുള്ള വൈപരീത്യവും ഇതേപോലെതന്നെ അപ്രത്യക്ഷമാവുമെന്നു് ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നു. രണ്ടു വ്യത്യസ്തവർഗ്ഗങ്ങൾക്കു പകരം ഒരേയാളുകളായിരിക്കും കൃഷിയും വ്യാവസായികോല്പാദനവും നടത്തുന്നതു്. കേവലം ഭൗതികമായ കാരണങ്ങൾകൊണ്ടുപോലും ഇതു് കമ്മ്യൂണിസ്റ്റ് രീതിയിലുള്ള സഹകരണത്തിനു് അനുപേക്ഷണീയമായ ഒരു ഉപാധിയാണു്. കൃഷിപ്പണിയിലേർപ്പെട്ടിരിക്കുന്നവർ നാട്ടിൻപുറങ്ങളിലൊട്ടാകെ ചിന്നിച്ചിതറിക്കിടക്കുകയും അതേസമയം വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർ വലിയ നഗരങ്ങളിൽ തിങ്ങിക്കൂടിയിരിക്കുകയും ചെയ്യുന്നതു് കൃഷിയുടേയും വ്യവസായത്തിന്റേയും അവികസിതഘട്ടത്തിനു മാത്രം പര്യാപ്തമായ ഒരവസ്ഥയാണു്. തുടർന്നുള്ള എല്ലാ വികസനത്തിനും പ്രതിബന്ധമാണതു്. ഇപ്പോൾത്തന്നെ ഇതു് ശക്തിയായി അനുഭവപ്പെടുന്നുണ്ടു്.

ഉല്പാദനശക്തികളെ കൂട്ടായും ആസൂത്രിതമായും ചൂഷണംചെയ്യുന്നതിനു് സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും പൊതുസഹകരണം; എല്ലാവരുടേയും ആവശ്യങ്ങൾ നിറവേററാൻ മതിയായത്ര അളവിൽ ഉല്പാദനത്തിന്റെ വികസനം; ചിലരുടെ ആവശ്യങ്ങൾ മററുള്ളവരുടെ ചെലവിൽ നിറവേററപ്പെടുന്ന സ്ഥിതി അവസാനിപ്പിക്കൽ; വർഗ്ഗങ്ങളേയും അവ തമ്മിലുള്ള വൈപരീത്യങ്ങളേയും നിശ്ശേഷം ഇല്ലാതാക്കൽ; ഇതേവരെ നിലനിന്നിരുന്ന തൊഴിൽവിഭജനം അവസാനിപ്പിക്കുന്നതിലൂടെ, വ്യാവസായികാഭ്യസനത്തിലൂടെ, പലതരം ജോലികൾ മാറിമാറി ചെയ്യുന്നതിലൂടെ, എല്ലാവരും ചേർന്നു് ഉല്പാദിപ്പിക്കുന്ന നന്മകളനുഭവിക്കുന്ന കാര്യത്തിൽ എല്ലാവരും ഭാഗഭാക്കാകുന്നതിലൂടെ, നഗരവും നാട്ടിൻപുറവും ഒന്നിച്ചുലയിപ്പിക്കുന്നതിലൂടെ, സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും കഴിവുകൾ സർവ്വതോമുഖമായി വികസിപ്പിക്കൽ—ഇവയാണു് സ്വകാര്യസ്വത്തുടമസ്ഥത അവസാനിപ്പിക്കുന്നതിൽനിന്നു് പ്രതീക്ഷിക്കാവുന്ന മുഖ്യഫലങ്ങൾ.

ചോദ്യം 21: കമ്മ്യൂണിസ്റ്റ്‌രീതിയിലുള്ള സാമൂഹ്യക്രമത്തിനു് കുടുംബത്തിന്റെമേലുള്ള സ്വാധീനം എന്തായിരിക്കും?

ഉത്തരം: അതു് സ്ത്രീപുരുഷബന്ധങ്ങളെ, ബന്ധപ്പെട്ട വ്യക്തികളെ മാത്രം ബാധിക്കുന്നതും സമൂഹത്തിന്റെ ഇടപെടൽ ആവശ്യമില്ലാത്തതുമായ തികച്ചും സ്വകാര്യമായ സംഗതിയാക്കുന്നതാണു്. സ്വകാര്യസ്വത്തു് അവസാനിപ്പിക്കുകയും കുട്ടികൾക്കു സാമൂഹ്യവിദ്യാ

ഭ്യാസം നൽകുകയും ചെയ്യുന്നതുകൊണ്ടാണ് അതിന് ഇതു സാദ്ധ്യമാകുന്നതു്. ഇതുവരെ നിലനിന്നിട്ടുള്ള വിവാഹത്തിന്റെ, സ്വകാര്യസ്വത്തുമായി ബന്ധപ്പെട്ട ആണിക്കല്ലുകൾ രണ്ടും—അതായതു് ഭാര്യഭർത്താവിനേയും കുട്ടികൾ മാതാപിതാക്കളേയും ആശ്രയിച്ചുകഴിയുന്ന സ്ഥിതി—അതുവഴി തകർക്കപ്പെടുന്നു. സദാചാരം പ്രസംഗിക്കുന്ന ഫിലിസ്റ്റൈനുകൾ കമ്മ്യൂണിസ്റ്റ് രീതിയിലുള്ള പൊതുഭാര്യാസമ്പ്രദായത്തിനെതിരെ നടത്തുന്ന മുറവിളിക്കുള്ള മറുപടി ഇതാണ്. ബൂർഷ്വാസമൂഹത്തിന്റെ മാത്രം വകയായിട്ടുള്ളതും വ്യഭിചാരത്തിന്റെ അന്യൂനരൂപത്തിൽ ഇന്നു നിലനിൽക്കുന്നതുമായ ഒരു ബന്ധമാണ് പൊതുഭാര്യാസമ്പ്രദായം. എന്നാൽ വ്യഭിചാരം സ്വകാര്യസ്വത്തിൽ അധിഷ്ഠിതമായതിനാൽ അതോടൊപ്പം നശിക്കുന്നു. അതുകൊണ്ടു് കമ്മ്യൂണിസ്റ്റ്‌രീതിയിലുള്ള സംഘടന പൊതുഭാര്യാസമ്പ്രദായം ഏർപ്പെടുത്തുകയല്ല, നേരേമറിച്ചു്, അവസാനിപ്പിക്കുകയാണു ചെയ്യുന്നതു്.

ചോദ്യം 22: നിലവിലുള്ള ദേശീയജനവിഭാഗങ്ങളോടു് കമ്മ്യൂണിസ്റ്റ് രീതിയിലുള്ള സംഘടനയുടെ മനോഭാവമെന്തായിരിക്കും?

**ഉത്തരം** അവശേഷിക്കുന്നു.[42]

ചോദ്യം 23: നിലവിലുള്ള മതങ്ങളോടു് അതിന്റെ മനോഭാവമെന്തായിരിക്കും?

**ഉത്തരം** അവശേഷിക്കുന്നു.

ചോദ്യം 24: കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഉത്തരം: സോഷ്യലിസ്റ്റുകാരെന്നു പറയുന്നവരെ മൂന്നു ഗ്രൂപ്പുകളായി തിരിക്കാം.

വൻകിടവ്യവസായവും ലോകവാണിജ്യവും അവ നിലവിൽ കൊണ്ടുവന്ന ബൂർഷ്വാ സമൂഹവും നശിപ്പിച്ചിട്ടുള്ള, ഇന്നും നിത്യേന നശിപ്പിച്ചുകൊണ്ടിരിക്കുന്ന, ഫ്യൂഡൽ—പിതൃതന്ത്രാത്മകസമൂഹത്തിന്റെ പക്ഷക്കാരാണ് ആദ്യത്തെ ഗ്രൂപ്പിൽ പെടുന്നതു്. ഇന്നത്തെ സമൂഹത്തിന്റെ ദോഷങ്ങളിൽനിന്നു് അവർ എത്തിച്ചേരുന്ന നിഗമനം ഇതാണ്: ഫ്യൂഡൽ—പിതൃതന്ത്രാത്മകസമൂഹത്തെ പുനഃസ്ഥാപിക്കണം.

കാരണം, ഈ ദോഷങ്ങൾ അവയിലില്ലായിരുന്നു. അവരുടെ എല്ലാ നിർദ്ദേശങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ ചെന്നെത്തുന്നതു് ഈയൊരു ലക്ഷ്യത്തിലാണ്. പിന്തിരിപ്പൻ സോഷ്യലിസ്റ്റുകാരുടേതായ ഈ ഗ്രൂപ്പ് തൊഴിലാളിവർഗ്ഗത്തിന്റെ ദുരിതങ്ങളോടു് സഹതാപം ഭാവിക്കുകയും അവയെപ്പററി കണ്ണുനീരൊഴുക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവരെ കമ്മ്യൂണിസ്റ്റുകാർ ശക്തിയുക്തം എതിർക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ:

1) തികച്ചും അസാദ്ധ്യമായ ഒന്നിനുവേണ്ടിയാണ് അവർ ശ്രമിക്കുന്നതു്;

2) കുലീനന്മാരുടേയും ഗിൽഡ്‌മേസ്ത്രിമാരുടേയും നിർമ്മാണത്തൊഴിലുടമകളുടേയും അവരുടെ പരിവാരങ്ങളായ ഏകച്ഛത്രാധിപതികളോ നാട്ടുവാഴികളോ ആയ രാജാക്കന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും പട്ടാളക്കാരുടേയും പുരോഹിതന്മാരുടേയും വാഴ്ച പുനഃസ്ഥാപിക്കാനാണ് അവരുടെ ശ്രമം. ഇന്നത്തെ സമൂഹത്തിന്റെ ദോഷങ്ങളില്ലായിരുന്നെങ്കിലും ആ സമൂഹത്തിനു് അതിന്റേതായ ചുരുങ്ങിയതു് ഇത്രയെങ്കിലും തിന്മകളുണ്ടായിരുന്നു. മർദ്ദിതരായ തൊഴിലാളികൾക്കു് കമ്മ്യൂണിസ്റ്റ് രീതിലുള്ള സംഘടനയിലൂടെ മോചനം നേടാനുള്ള യാതൊരു സാദ്ധ്യതയും അതിലുണ്ടായിരുന്നില്ല;

3) തൊഴിലാളിവർഗ്ഗം വിപ്ലവസ്വഭാവവും കമ്മ്യൂണിസ്റ്റ് സ്വഭാവവും ആർജ്ജിക്കുമ്പോഴെല്ലാം അവർ തങ്ങളുടെ യഥാർത്ഥമായ ഉദ്ദേശങ്ങൾ വെളിപ്പെടുത്തുന്നു. അത്തരം സന്ദർഭങ്ങളിൽ അവർ ഉടൻ തൊഴിലാളിവർഗ്ഗത്തിനെതിരെ ബൂർഷ്വാസിയുടെ കൂടെ ഒത്തുചേരുന്നു.

ഇന്നത്തെ സമൂഹത്തിന്റെ പക്ഷക്കാരടങ്ങിയതാണ് രണ്ടാമത്തെ ഗ്രൂപ്പ്. ആ സമൂഹത്തിന്റെ അനിവാര്യഫലങ്ങളായ ദോഷങ്ങൾ അതിന്റെ നിലനില്പിനെക്കുറിച്ചുള്ള ഉൽക്കണ്ഠ അവരിൽ ഉളവാക്കിയിരിക്കുന്നു. അതുകൊണ്ടു് ഇന്നത്തെ സമൂഹത്തെ ഭദ്രമായി നിലനിർത്താനും എന്നാൽ അതുമായി ബന്ധപ്പെട്ട ദോഷങ്ങൾ ഇല്ലാതാക്കാനുമാണ് അവരുടെ ശ്രമം. ഈ ലക്ഷ്യം മുൻനിർത്തി അവരിൽ ചിലർ പലതരം പരോപകാരനടപടികൾ നിർദ്ദേശിക്കുന്നു. വേറേ ചിലർ ഉജ്ജ്വലങ്ങളായ പരിഷ്കരണപദ്ധതികൾ മുന്നോട്ടുവക്കുന്നു. സമൂഹത്തെ പുനസ്സംഘടിപ്പിക്കുകയാണെന്നു നടിച്ചുകൊണ്ടു് അവ ഇന്നത്തെ സമൂഹത്തിന്റെ അടിത്തറകളേയും അങ്ങിനെ ഇന്നത്തെ സമൂഹത്തെത്തന്നെയും നിലനിർത്തുന്നതാണ്. ഈ ബൂർഷ്വാസോഷ്യലിസ്റ്റുകാർക്കെതിരായും കമ്മ്യൂണിസ്റ്റുകാർക്കു് അക്ഷീണം പൊരുതേണ്ടിവരും. കാരണം, അവർ കമ്മ്യൂണിസ്റ്റുകാരുടെ ശത്രുക്കൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ്, കമ്മ്യൂണിസ്റ്റുകാർ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന സമൂഹത്തെ കാത്തുരക്ഷിക്കുന്നവരാണ്.

അവസാനമായി, മൂന്നാമത്തെ ഗ്രൂപ്പിലുള്ളത് ജനാധിപത്യസോഷ്യലിസ്റ്റുകാരാണ്....* ചോദ്യത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നടപടികളുടെ ഒരു ഭാഗം നടപ്പാക്കണമെന്ന് കമ്മ്യൂണിസ്റ്റുകാരെപ്പോലെ അവരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ കമ്മ്യൂണിസത്തിലേക്കു നയിക്കുന്ന പരിവർത്തനനടപടികളെന്ന നിലയ്ക്കല്ല, ഇന്നത്തെ സമൂഹത്തിലെ ദുരിതങ്ങളും ദോഷങ്ങളും ഇല്ലാതാക്കുന്നതിനു മതിയായ നടപടികളെന്ന നിലയ്ക്കാണ്, അവർ അവയെ കാണുന്നത്. ഈ ജനാധിപത്യസോഷ്യലിസ്റ്റുകാർ ഒന്നുകിൽ തങ്ങളുടെ വർഗ്ഗത്തിന്റെ വിമോചനത്തിനുള്ള ഉപാധികളെ സംബന്ധിച്ച് ഇനിയും വേണ്ടത്ര ബോധവാന്മാരായിട്ടില്ലാത്ത തൊഴിലാളികളോ, അല്ലെങ്കിൽ ജനാധിപത്യം നേടുകയും അതെത്തുടർന്നുള്ള സോഷ്യലിസ്റ്റ് നടപടികൾ നടപ്പാവുകയും ചെയ്യുന്നതുവരെ പല കാര്യത്തിലും തൊഴിലാളിവർഗ്ഗത്തിന്റെതന്നെ താല്പര്യങ്ങളുള്ള പെററിബൂർഷ്വാസിയുടെ വർഗ്ഗത്തിൽ പെട്ടവരോ ആണ്. അതുകൊണ്ട് സമരത്തിന്റെ ഘട്ടങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ ജനാധിപത്യസോഷ്യലിസ്റ്റുകാരുമായി ധാരണയിലെത്തുകയും സാമാന്യമായി സാദ്ധ്യമാകുന്നേടത്തോളം തൽക്കാലത്തേക്കെങ്കിലും അവരുമായി ചേർന്ന് ഒരു പൊതുനയം അനുവർത്തിക്കുകയും വേണം. ഈ ജനാധിപത്യസോഷ്യലിസ്റ്റുകാർ ഭരണാധികാരികളായ ബൂർഷ്വാസിയുടെ സേവകന്മാരാവുകയും കമ്മ്യൂണിസ്റ്റുകാരെ എതിർക്കുകയും ചെയ്തില്ലെങ്കിൽ മാത്രമാണിതു്. യോജിച്ച സമരം അവരുമായുള്ള അഭിപ്രായവ്യത്യാസങ്ങളെസ്സംബന്ധിച്ച ചർച്ചകളെ ഒഴിവാക്കുന്നില്ലെന്നു വ്യക്തമാണ്.

ചോദ്യം 25: ഇക്കാലത്തെ മററു രാഷ്ട്രീയപ്പാർട്ടികളോടുള്ള കമ്മ്യൂണിസ്റ്റുകാരുടെ മനോഭാവമെന്താണ്?

ഉത്തരം: ഈ മനോഭാവം ഓരോ രാജ്യത്തിലും ഓരോന്നായിരിക്കും. ബൂർഷ്വാസി ഭരിക്കുന്ന ഇംഗ്ലണ്ടിലും ഫ്രാൻസിലും ബൽജിയത്തിലും കമ്മ്യൂണിസ്റ്റുകാർക്ക് പലതരം ജനാധിപത്യപ്പാർട്ടികളുമായി ഇപ്പോഴും തൽക്കാലത്തേക്ക് പൊതുതാല്പര്യങ്ങളുണ്ട്. ജനാധിപത്യവാദികൾ ഇപ്പോൾ എല്ലായിടത്തും മുന്നോട്ടുവയ്ക്കുന്ന സോഷ്യലിസ്റ്റ് നടപടികളെ സംബന്ധിച്ചിടത്തോളം അവർ എത്രകണ്ട് കമ്മ്യൂണിസ്റ്റുകാരുടെ ലക്ഷ്യങ്ങളോടടുക്കുന്നുവോ, അതായത് അവർ എത്രകണ്ട് വ്യക്തമായും ഖണ്ഡിതമായും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ ഉയർത്തിപ്പിടിക്കുന്നുവോ, എത്രകണ്ട് തൊഴിലാളി

* കയ്യെഴുത്തു പ്രതിയിൽ ഇവിടെ കുറച്ചു സ്ഥലം ഒഴിച്ചിട്ടിരിക്കുകയാണ്. 18—ാം ചോദ്യത്തിനുള്ള ഉത്തരം നോക്കുക.—എഡി.



വർഗ്ഗത്തെ ആശ്രയിക്കുന്നുവോ, അത്രകണ്ട് ഈ താല്പര്യൈക്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ, തൊഴിലാളികൾക്കിടയിൽനിന്നു രൂപമെടുത്തിട്ടുള്ള ചാർട്ടിസ്റ്റുകാർ ജനാധിപത്യവാദികളായ പെററിബൂർഷ്വാകളേക്കാൾ—അഥവാ റാഡിക്കലുകളെന്നു വിളിക്കപ്പെടുന്നവരേക്കാൾ—എത്രയോ കൂടുതൽ കമ്മ്യൂണിസ്റ്റുകാരോട് അടുത്തുനിൽക്കുന്നു.

ഒരു ജനാധിപത്യഭരണഘടന ഏർപ്പെടുത്തിയിട്ടുള്ള അമേരിക്കയിൽ, ആ ഭരണഘടനയെ ബൂർഷ്വാസിക്കെതിരെ പ്രയോഗിക്കുകയും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പാർട്ടിയെയാണ്, അതായത് ദേശീയകാർഷികപരിഷ്ക്കരണവാദികളെയാണ്, കമ്മ്യൂണിസ്റ്റുകാർ പിന്താങ്ങേണ്ടതു്.

സ്വിററ്സർലണ്ടിൽ റാഡിക്കലുകൾ ഇപ്പോഴും ഒരു സങ്കരകക്ഷിയാണെങ്കിലും കമ്മ്യൂണിസ്റ്റുകാർക്ക് ധാരണയിലെത്താവുന്ന ഒരേയൊരു കൂട്ടർ അവരാണ്. ഈ റാഡിക്കലുകളുടെ കൂട്ടത്തിൽത്തന്നെ വോഡ്, ജനീവ, എന്നീ ജില്ലകളിലുള്ളവരാണ് ഏററവും പുരോഗമനവാദികൾ.

അവസാനമായി, ജർമ്മനിയിൽ ബൂർഷ്വാസിയും ഏകച്ഛത്രാധിപത്യവും തമ്മിലുള്ള നിർണ്ണായകസമരം ഇനിയും നടക്കാനിരിക്കുന്നതേയുള്ളു. എന്നാൽ ബൂർഷ്വാസി അധികാരത്തിൽ വരുന്നതിനുമുമ്പ് അതുമായി നിർണ്ണായകസമരത്തിലേർപ്പെടുന്ന കാര്യം കണക്കിലെടുക്കാൻ കമ്മ്യൂണിസ്റ്റുകാർക്കു നിർവ്വാഹമില്ലാത്തതിനാൽ എത്രയും വേഗം അധികാരത്തിൽനിന്നിറക്കാൻവേണ്ടി എത്രയും വേഗം അധികാരത്തിലേറാൻ ബൂർഷ്വാസിയെ സഹായിക്കുകയെന്നതു് കമ്മ്യൂണിസ്റ്റുകാരുടെ താല്പര്യമാണ്. അതുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ എപ്പോഴും ഗവണ്മെൻറുകൾക്കെതിരായി ലിബറൽ ബൂർഷ്വാകളുടെ ഭാഗത്തു നിൽക്കണം. എന്നാൽ ബൂർഷ്വാകളുടെ ആത്മവഞ്ചനയിൽ പങ്കുകൊള്ളാതിരിക്കാനും തങ്ങളുടെ വിജയം തൊഴിലാളിവർഗ്ഗത്തിനു നന്മ വരുത്തുമെന്ന ബൂർഷ്വാസിയുടെ പ്രലോഭനീയങ്ങളായ പ്രഖ്യാപനങ്ങൾ വിശ്വസിക്കാതിരിക്കാനും അവർ ജാഗ്രത പുലർത്തണം. ബൂർഷ്വാസിയുടെ വിജയം കമ്മ്യൂണിസ്റ്റുകാർക്കു കൈവരുത്തുന്ന പ്രയോജനങ്ങൾ ഇത്രമാത്രമാണ്: 1) തങ്ങളുടെ തത്വങ്ങൾ ഉയർത്തിപ്പിടിക്കാനും ചർച്ചചെയ്യാനും പ്രചരിപ്പിക്കാനും അങ്ങിനെ തൊഴിലാളിവർഗ്ഗത്തെ കെട്ടുറപ്പും സമരസന്നദ്ധതയുമുള്ള ഒരു സുസംഘടിതവർഗ്ഗമായി ഏകോപിപ്പിക്കാനും കമ്മ്യൂണിസ്റ്റുകാർക്ക് കൂടുതൽ



8—1308

എളുപ്പമാക്കിത്തീർക്കുന്ന പലതരം വിട്ടുവീഴ്ചകളും; 2) ഏകച്ഛത്രാധിപത്യഗവണ്മെൻറുകളും നിഷ്കാസിതമാവുന്ന ദിവസംതൊട്ടുതന്നെ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള സമരത്തിന്റെ ഊഴം വരുമെന്ന ഉറപ്പ്. ആ ദിവസംതൊട്ട് ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെ പാർട്ടിനയം ബൂർഷ്വാസി ഇപ്പോൾ ഭരണംനടത്തുന്ന രാജ്യങ്ങളിലേതുപോലെതന്നെയായിരിക്കും.

1847 ഒക്ടോബറവസാനത്തിലും നവംബറിലും എഴുതിയത്
1914–ൽ പ്രത്യേകപതിപ്പായി ആദ്യം പ്രസിദ്ധീകരിച്ചു

മൂലപാഠം ജർമ്മനിൽ